# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ചേരാനെല്ലൂർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

**2023-2024**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

**ജില്ലാ ഓഡിറ്റ് കാര്യാലയം**

**എറണാകുളം-682030**

**ഇ-മെയിൽ: doekm.ksad@kerala.gov.in**

**ഫോൺ : 0484-2422271**

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ഇ.കെ.എം.(പി.10)1413/2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030
തീയ്യതി: 30/10/2024
ഇ-മെയിൽ:
doekm.ksad@kerala.gov.in
ഫോൺ: 0484-2422271

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ചേരാനെല്ലൂർ ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : ചേരാനെല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചേരാനെല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, എറണാകുളം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ഇ.കെ.എം.(പി.10)1413/2024 തീയ്യതി: 30/10/2024

## എറണാകുളം ജില്ലയിലെ ചേരാനെല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ ചേരാനെല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2023 മുതൽ 31-03-2024 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 31 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 25 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 11-09-2024 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തു ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.ഷേർളി പീറ്റർ | ഡെപ്യൂട്ടി ഡയറക്ടർ | 03-09-2024 | 11-09-2024 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 03-09-2024 | 11-09-2024 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീ.പോളി ടി.ഒ, ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ)

ശ്രീ.സന്തോഷ് കുമാർ കെ.വി,ഓഡിറ്റ് ഓഫീസർ,

ശ്രീമതി.മെഴ്സി കെ.പി,സീനിയർ ഗ്രേഡ് ഓഡിറ്റർ,

ശ്രീമതി.ജമീല ബിവി എം,സീനിയർ ഗ്രേഡ് ഓഡിറ്റർ,

ശ്രീ.ടോണി ജോൺ, ഓഡിറ്റർ,

ശ്രീമതി.മുഹ്സീന എ,ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. രാജേഷ് കെ ജി | പ്രസിഡന്റ് | 01-04-2023 | 31-03-2024 |
| ശ്രീ. വി പി ഉണ്ണികൃഷ്ണൻ | സെക്രട്ടറി | 01-04-2023 | 19-10-2023 |
| ശ്രീ. മനു റ്റി.പി. | സെക്രട്ടറി-ഇൻ-ചാർജ്ജ് | 20-10-2023 | 05-11-2023 |
| ശ്രീ. വി പി ഉണ്ണികൃഷ്ണൻ | സെക്രട്ടറി | 06-11-2023 | 05-02-2024 |
| ശ്രീ. മനു റ്റി.പി. | സെക്രട്ടറി-ഇൻ-ചാർജ്ജ് | 06-02-2024 | 14-02-2024 |
| ശ്രീ. വി പി ഉണ്ണികൃഷ്ണൻ | സെക്രട്ടറി | 15-02-2024 | 17-03-2024 |
| ശ്രീ. മനു റ്റി.പി. | സെക്രട്ടറി-ഇൻ-ചാർജ്ജ് | 18-03-2024 | 31-03-2024 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. മനു റ്റി.പി. | അസി. സെക്രട്ടറി | 01-04-2023 | 31-03-2024 |
| ശ്രീമതി ഫെമിന പി.വൈ. | അസി. എഞ്ചിനീയർ, എൽ.എസ്.ജി.ഡി. | 01-04-2023 | 31-03-2024 |
| ഡോ.സിന്ധു | മെഡിക്കൽ ഓഫീസർ, ആയുർവേദം | 01-04-2023 | 31-03-2024 |
| ഡോ.അമ്പിളി കെ.എസ്. | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-04-2023 | 31-03-2024 |
| ശ്രീമതി ഷൈജ കെ.എസ്. | കൃഷി ഓഫീസർ | 01-04-2023 | 29-10-2023 |
| ശ്രീമതി മേരി ശിൽപ കെ. തോമസ് | കൃഷി ഓഫീസർ | 30-10-2023 | 31-03-2024 |
| ശ്രീമതി സ്മിത കെ.ബി. | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2023 | 07-09-2023 |
| ശ്രീ. അൽക്ക ആർ.ബാബു | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 08-09-2023 | 31-03-2024 |
| ശ്രീമതി ഷഹന | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2023 | 31-03-2024 |
| ശ്രീമതി ഷജിത കെ.ബി. | വി.ഇ.ഒ. ചിറ്റൂർ സർക്കിൾ | 01-04-2023 | 31-03-2024 |
| ശ്രീമതി ഐശ്വര്യ | വി.ഇ.ഒ.ചേരാനല്ലൂർ സർക്കിൾ | 01-04-2023 | 20-06-2023 |
| ശ്രീമതി രശ്മി പി.എൽ. | വി.ഇ.ഒ.ചേരാനല്ലൂർ സർക്കിൾ | 21-06-2023 | 01-09-2023 |
| ശ്രീ. ദേവദാസ് ഡി.എച്ച്. | വി.ഇ.ഒ.ചേരാനല്ലൂർ സർക്കിൾ | 02-09-2023 | 31-03-2024 |
| ശ്രീമതി ബീന റ്റി.കെ. | ഹെഡ്മിസ്ട്രസ്, ജി.എൽ.പി.എസ്. ചേരാമല്ലൂർ | 01-04-2023 | 31-05-2023 |
| ശ്രീ. എയ്സൽ സഞ്ജു ഡിക്കുഞ്ഞ, | എച്.എം., ജി.എൽ.പി.എസ്. ചേരാമല്ലൂർ | 01-06-2023 | 31-03-2024 |
| ശ്രീമതി ആനി | ഹെഡ്മിസ്ട്രസ്, ജി.എൽ.പി.എസ്. സൗത്ത് ചിറ്റൂർ | 01-04-2023 | 31-03-2024 |
| ശ്രീമതി ഷൈമ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2023 | 31-03-2024 |
| ഡോ. സുധീഷ് കെ. | മെഡിക്കൽ ഓഫീസർ, | 01-04-2023 | 31-03-2024 |

| | | | |
|---|---|---|---|
| | സി.എച്.സി | | |
| ഡോ.ജിൻസി ജോർജ് | വെറ്ററിനറി സർജൻ | 01-04-2023 | 31-03-2024 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | 1-1 |
| 2 | സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല | 1-1-1 |
| 3 | ഡെപ്പോസിറ്റ് രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല | 1-1-2 |
| 4 | ആസ്തി രജിസ്റ്ററിലെ അപാകതകൾ | 1-1-3 |
| 5 | ബജറ്റ് | 1-2 |
| 6 | സാമ്പത്തിക വിശകലനം | 1-3 |
| 7 | ഫണ്ട് വിനിയോഗം | 1-4 |
| 8 | പദ്ധതി അവലോകനം | 1-5 |
| 9 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 10 | ക്ഷേമ പദ്ധതികൾ | 1-7 |
| 11 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 12 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 13 | മാലിന്യ സംസ്കരണം ഹരിതകർമ്മസേനയിലൂടെ - അവലോകനം | 1-10 |
| 14 | അതിദരിദ്രർക്ക് പോഷകാഹാരം - ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളുടെ വിഹിതം ഉറപ്പാക്കേണ്ടതാണ് | 1-11 |
| 15 | FACTEOS ലൈസൻസ് അപാകതകൾ | 1-12 |
| 16 | തൊഴിൽ നികുതി അപാകതകൾ | 1-13 |
| 17 | മൊബൈൽ ടവറിന്റെ നികുതി കുടിശ്ശിക ഈടാക്കിയിട്ടില്ല | 1-14 |
| 18 | കെട്ടിട നിർമ്മാണ പെർമിറ്റ് ഫീസ് കുറവായി ഈടാക്കി | 1-15 |
| 19 | മരണപ്പെട്ടവർക്ക് സാമൂഹ്യസുരക്ഷ പെൻഷൻ നൽകി വരുന്നു | 1-16 |
| 20 | ആംബുലൻസ് രസീത് വരവ് അടവാക്കിയതിലെ അപാകതകൾ | 1-17 |
| 21 | കടമുറികൾക്ക് വൻ വാടക കുടിശ്ശിക കാണുന്നു | 1-18 |
| 22 | ഹോമിയോ മരുന്ന് പൂർണമായും ലഭ്യമായില്ല -47,001/- രൂപ തടസ്സം | 1-19 |
| 23 | വെറ്ററിനറി സർജൻ നിർവഹണം നടത്തിയ പ്രോജക്റ്റിലെ അപാകതകൾ–തടസ്സം- 7,80,000/- രൂപ | 1-20 |
| 24 | കാലിത്തീറ്റ,ധാതുലവണം - വിതരണ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല | 1-21 |
| 25 | ചേരാനല്ലൂർ– വരാപ്പുഴ കടത്ത് ലേലം അപാകതകൾ | 1-22 |
| 26 | ഫ്രണ്ട് ഓഫീസ് ഡേറ്റാ എൻട്രി ഓപ്പറേറ്റർ, ഹരിത കർമ്മ സേന അക്കൌണ്ടന്റ് തസ്തികകളിലെ നിയമനം അനധികൃതം | 1-23 |
| 27 | സൗജന്യ ഡയാലിസിസ് യൂണിറ്റ് - സർക്കാർ അനുമതി ലഭ്യമാക്കേണ്ടതാണ്. | 1-24 |
| 28 | ഉന്നതവിജയം നേടുന്ന വിദ്യാർഥികൾക്ക് അവാർഡ് വിതരണം -മാർഗ്ഗരേഖയിലുൾപ്പെടാത്ത പ്രൊജക്റ്റ് നടപ്പാക്കി - 84800/- രൂപ തടസ്സപ്പെടുത്തുന്നു. | 1-25 |
| 29 | വിനിയോഗ സാക്ഷ്യപത്രങ്ങൾ ലഭ്യമല്ല - ₹ 2024460/- തടസ്സപ്പെടുത്തുന്നു. | 1-26 |
| 30 | വിദ്യാർഥികൾക്ക് തൈക്കൊണ്ടോ പരിശീലനം - പദ്ധതി രൂപീകരണത്തിലെ അപാകതകൾ | 1-27 |
| 31 | വിദ്യാർഥികൾക്ക് യോഗപരിശീലനം - അധികവേതനം അനുവദിച്ചു | 1-28 |
| 32 | വിവിധ മുൻകൂർ തുകകൾ ക്രമീകരിക്കാതെ നില നിൽക്കുന്നത് സംബന്ധിച്ച് | 1-29 |
| 33 | കുടിവെള്ളവിതരണം - അപാകതകൾ | 1-30 |
| 34 | പുതുശേരി റോഡ് ടൈൽ വിരിക്കൽ - മാസകൂലി കൊടുക്കുന്നതിലെ അപാകതകൾ | 1-31 |
| 35 | മാതിരിപ്പിള്ളി കോളനി റീകോൺക്രീറ്റിംഗ്, കാന നിർമ്മാണം - അപാകതകൾ | 1-32 |
| 36 | ഹരിശ്രീ നഗർ റോഡ് - മെയിന്റനൻസ്- അപാകതകൾ | 1-33 |

| | | |
|---|---|---|
| 37 | തൈക്കാവ് ഫെഡറൽ ബാങ്ക് ലിങ്ക് റോഡ് - മെയിന്റനൻസ് - അപാകതകൾ | 1-34 |
| 38 | പ്ലാസ്റ്ററിംഗ് ഷ്രെഡിംഗ് യൂണിറ്റ് - ചുറ്റുമതിൽ - അപാകതകൾ | 1-35 |
| 39 | വാർഡ് - 14 റോബർട്ട് കോളനി റോഡ് - കാന നിർമ്മാണം അപാകതകൾ | 1-36 |
| 40 | മഴക്കാലത്ത് തകർന്ന റോഡുകളുടെ നവീകരണം- അപാകതകൾ | 1-37 |
| 41 | എം എ ബാങ്ക് റോഡ്, ജനത റോഡ്, ചക്യേത്ത് റോഡ് കാന കവർ സ്ലാബ് - പ്രവൃത്തി അപാകതകൾ | 1-38 |
| 42 | മരാമത്ത് പ്രവൃത്തികൾ പൊതുവായ അപാകതകൾ | 1-39 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | വിദ്യാർഥികൾക്ക് യോഗപരിശീലനം - അധികവേതനം അനുവദിച്ചു | 3-1 |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയ വിവരം | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-4 |
| 5 | വായ്പ / വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-8 |
| 9 | ചാർജ് – സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സാക്ഷ്യപത്രം

I. കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1&11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 10.07.2024-ലെ 4(1) നമ്പർ കമ്മിറ്റി തീരുമാനം പ്രകാരം തയ്യാറാക്കി **10.07.2024** തീയതിയിൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള **ചേരാനല്ലൂർ** ഗ്രാമപഞ്ചായത്തിന്റെ മാർച്ച് 2024 ൽ അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും **31.03.2024** തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

II. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

III. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

**വിശേഷണങ്ങളോടു കൂടിയ അഭിപ്രായം**

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, **ചേരാനല്ലൂർ** ഗ്രാമപഞ്ചായത്തിന്റെ 2023-24 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സ്ഥലം : കാക്കനാട്

തീയതി: 30.10.2024

ഡെപ്യൂട്ടി ഡയറക്ടർ

## 1-1-1 സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല

വർഷാരംഭത്തിൽ പ്രതീക്ഷിത വരവിനനുസരിച്ചും സമയാസമയങ്ങളിൽ ഡിമാന്റിലുണ്ടാവുന്ന വ്യതാസത്തിനനുസരിച്ചും ജേർണൽ എൻട്രികളിലൂടെ സമയബന്ധിതമായി ഡിമാന്റ് രേഖപ്പെടുത്തുന്നില്ല.

ലെഡ്ജർ ബാലൻസുകളും ആ ശീർഷകവുമായി ബന്ധപ്പെട്ട രജിസ്റ്ററുകളും തമ്മിൽ പൊരുത്തപ്പെടുത്തൽ നടത്തുന്നില്ല. വർഷാവസാനം സാധ്യാ അക്കൗണ്ട് പ്രകാരമുള്ള വരവ് തന്നെ ഡിമാന്റ് ആയിട്ടുള്ള ഡിസിബി സ്റ്റേറ്റ്മെന്റുകൾ രജിസ്റ്ററിൽ ചേർക്കുകയാണ് ചെയ്യുന്നത്. സമയബന്ധിതമായി ഡിമാന്റ് രേഖപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

### 1-1-2 ഡെപ്പോസിറ്റ് രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല

ഡെപ്പോസിറ്റ് രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല. ആയതിനാൽ ആരിൽ നിന്നാണ് ഡെപ്പോസിറ്റ് ലഭിച്ചത് എന്നോ അവ തിരിച്ച് നൽകുന്ന വിശദാംശങ്ങളോ ലഭ്യമല്ല.

### 1-1-3 ആസ്തി രജിസ്റ്ററിലെ അപാകതകൾ

നിലവിലുള്ള അസറ്റ് രജിസ്റ്ററിന്റെ രൂപകൽപന പിന്തുണക്കാത്തതിനാൽ ബാലൻസ് ഷീറ്റിൽ രേഖപ്പെടുത്തിയിട്ടുള്ള അസറ്റ് മൂല്യം അസറ്റ് രജിസ്റ്ററിൽ കണ്ടെത്താനാകുന്നില്ല.

### 1-2 ബജറ്റ്

ചേരാനല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2023-24 വർഷത്തേക്കുള്ള ബജറ്റ് എസ്റ്റിമേറ്റ് 18.03.2023 ലെ 1-ാം നമ്പർ തീരുമാനപ്രകാരവും പരിഷ്കരിച്ച ബജറ്റ് 18.03.2024 ലെ 1(1)-ാം നമ്പർ തീരുമാനപ്രകാരവും പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ചിട്ടുണ്ട്.

| ബജറ്റ് എസ്റ്റിമേറ്റ് | | പരിഷ്കരിച്ച ബജറ്റ് എസ്റ്റിമേറ്റ് |
|---|---|---|
| വരവ് | ₹22,72,57,678.00 | ₹20,30,61,067.00 |
| ചെലവ് | ₹23,03,22,478.00 | ₹21,16,80,023.00 |

കേരള പഞ്ചായത്ത് രാജ് ആക്റ്റ് 1994 ലെ സെക്ഷൻ 214 ൽ, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ബജറ്റ് നിർണ്ണയിക്കപ്പെടുന്ന ചട്ടങ്ങൾക്കും സർക്കാർ അതത് സമയങ്ങളിൽ പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾക്കും വിധേയമായി തയ്യാറാക്കുന്നതിനും ആയതിന് അനുമതി നൽകുന്നതിനും നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള ബജറ്റ് ചട്ടങ്ങൾ പുറപ്പെടുവിച്ചിട്ടില്ല.

### 1-3 സാമ്പത്തിക വിശകലനം

ഓഡിറ്റ് വർഷത്തെ ആകെ വരവ്, ആകെ ചെലവ് എന്നിവ വാർഷിക ധനകാര്യപത്രികയിലെ റസീപ്റ്റ് & പേയ്മെന്റ് അക്കൗണ്ടിൽ നിന്നും എടുത്തിട്ടുള്ളതാണ്.

| | | |
|---|---|---|
| മുന്നിരുപ്പ് | : | ₹3,07,88,083.00 |
| ഓഡിറ്റ് വർഷത്തെ വരവ് | : | ₹8,35,56,081.00 |
| ആകെ | : | ₹11,43,44,164.00 |
| ഓഡിറ്റ് വർഷത്തെ ചെലവ് | : | ₹7,66,15,327.00 |
| നീക്കിയിരുപ്പ് | : | ₹3,77,28,837.00 |

### 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | അലോട്ട്മെന്റ് പ്രകാരം വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് | ചെലവഴിക്കാതെ ലാപ്സായ തുക |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 18096000 | 18096000 | 11803520 | 0 | 6292480 |
| വികസനഫണ്ട്(എസ്.സി.പി) | 0 | 4997000 | 4997000 | 2436859 | 0 | 2560141 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 5536650 | 5536650 | 3886894 | 0 | 1649756 |
| സംരക്ഷണഗ്രാന്റ് (റോഡിതരം) | 0 | 2016000 | 2016000 | 1868635 | 0 | 147365 |
| ധനകാര്യകമ്മീഷൻഗ്രാന്റ് (Tied) | 1615856 | 2247500 | 3863356 | 2677830 | 1185526 | 0 |

| | | | | | | |
|---|---|---|---|---|---|---|
| ധനകാര്യകമ്മീഷൻഗ്രാന്റ് (UnTied) ബേസിക് | 491023 | 3038124 | 3529147 | 3255302 | 273845 | 0 |
| **കേന്ദ്രാവിഷ്കൃതഫണ്ട്-** | | | | | | |
| ഐ.സി.ഡി.എസ് - 320 100 196 | 985204 | 1472840 | 2458044 | 1504531 | 953513 | |
| ബി.എസ്.യു.പി -320 100 108 | 88848 | 2468 | 91316 | 91316 | 0 | |
| ടോട്ടൽസാനിട്ടേഷൻകാംപെയിൻ- 320 100 181 | 57720 | 0 | 57720 | 0 | 57720 | |
| സോളിഡ് വേസ്റ്റ് മാനേജ്മെന്റ് – 320 200 304 | 522236 | 0 | 522236 | 0 | 522236 | |
| **സംസ്ഥാനാവിഷ്കൃതഫണ്ട്** | | | | | | |
| Rural Housing- 320 100 160 522236 | 80000 | 2900000 | 2980000 | 1700000 | 1280000 | |
| സാക്ഷരത-320 100 197 | 3610 | 100 | 3710 | 0 | 3710 | |
| ശുചിത്വ മിഷൻ ഫണ്ട്- 320 100 198 | 581584 | 1651201 | 2232785 | 646188 | 1586597 | |
| വെറ്ററിനറി സർവീസ് & ആനിമൽ ഹെൽത്ത് -320 100 185 | 450000 | 0 | 450000 | 0 | 450000 | |
| സമ്പൂർണ്ണ ശുചിത്വം – 320 300 103 | 12121 | 0 | 12121 | 0 | 12121 | |
| ആർ.എസ്.ബി.വൈ ഗ്രാന്റ്- 320 300 199 | 593902 | 0 | 593902 | 0 | 593902 | |
| ഹെൽത്ത് ഗ്രാന്റ് – 320 100 204 | 178478 | 428541 | 607019 | 121399 | 485620 | |
| ഹെൽത്ത് ഗ്രാന്റ് – 320 100 202 | 18802 | 1026562 | 1045364 | 49507 | 995857 | |
| IHSDP-320 100 122 | 122656 | 3409* | 126065 | 0 | 126065 | |
| പ്രത്യേക ഉദ്ദേശ്യ ഗ്രാന്റ്(മൂലധനം) 320800199 | 0 | 1,00,000 | 1,00,000 | 0 | 1,00,000 | |
| പകർച്ച വ്യാധി നിയന്ത്രണം സംഭാവന 320900102 | 17349 | 0 | 17349 | 0 | 17349 | |
| മറ്റ് സ്കീമുകൾ (320100152) | 0 | 222000 | 222000 | 222000 | 0 | |
| സ്വച്ച് ഭാരത് (320100174) | 0 | 2098513 | 2098513 | 2098513 | 0 | |
| വിട്ട് കിട്ടിയ സ്ഥാപനങ്ങൾക്കുള്ള ഫണ്ട് (സാമൂഹ്യ നീതി – മൂലധനം – 320200205) | 0 | 1333333 | 1333333 | 1333333 | 0 | |

കുറിപ്പ്-

1)ഗ്രാന്റ് തുകകൾ RP-7ൽ വരവായി ഉൾപ്പെടുത്താത്തതിനാൽ I-6 പ്രകാരമുള്ള ചെലവും എ.സി.ആറും അടിസ്ഥാനപ്പെടുത്തിയാണ് ഗ്രാന്റുകളുടെ വിനിയോഗവിവരങ്ങൾ ഉൾപ്പെടുത്തിയിട്ടുള്ളത്.

2)IHSDP-3409/-രൂപ പലിശയിനത്തിലുള്ള വരവാണ്.

## 1-5 പദ്ധതി അവലോകനം

| അംഗീകാരം | പദ്ധതി | പദ്ധതി | പൂർണ്ണമായി | ഭാഗികമായി | നടപ്പാക്കാത്തവ. | പൂർത്തീകരിച്ച |
|---|---|---|---|---|---|---|

| ലഭിച്ചത് (എണ്ണം) | അടങ്കൽ | ചെലവ് | നടപ്പാക്കിയത്. എണ്ണം | നടപ്പാക്കിയത്. എണ്ണം | എണ്ണം | പ്രോജക്ടുകളുടെ % |
|---|---|---|---|---|---|---|
| 249 | ₹12,52,53,220 | ₹5,36,52,277 | 148 | 13 | 87 | 59.44% |

പൂർത്തിയാക്കാതെ ഉപേക്ഷിച്ച പദ്ധതി

പ്രോജക്ട് നമ്പർ-131, തുമ്പൂർമുഴി മോഡൽ എയ്റോബിക് കമ്പോസ്റ്റ് നിർമ്മാണം

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരുപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| **ഭരണചെലവുകൾ** | ₹5,43,070 | ₹5,69,496 | ₹11,12,566 | ₹11,12,566 | 0 |
| **ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയത്** | 0 | ₹59,30,434 | ₹59,30,434 | ₹59,30,434 | 0 |
| **ആകെ** | ₹5,43,070 | ₹64,99,930 | ₹70,43,000 | ₹70,43,000 | 0 |

## 1-7 ക്ഷേമ പദ്ധതികൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 0 | 0 |
| കർഷകതൊഴിലാളി പെൻഷൻ | 16,92,800 | 150 |
| വിധവാപെൻഷൻ | 1,09,30,500 | 998 |
| വാർദ്ധക്യകാല പെൻഷൻ | 3,29,51,500 | 3175 |
| വികലാംഗപെൻഷൻ | 25,51,400 | 232 |
| അവിവാഹിതരായ 50 വയസ്സിനു മുകളിൽ പ്രായമായ വനിതകൾക്കുള്ള ധനസഹായം | 6,96,000 | 62 |
| വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം | 1,50,000 | 5 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 10.09.2024 തീയതിയിൽ ഉച്ചയ്ക്ക് ശേഷം 3 പി.എം.ന് അസിസ്റ്റന്റ് സെക്രട്ടറിയുടെ സാന്നിദ്ധ്യത്തിൽ നടത്തി. ക്യാഷ് ബാലൻസ് 28,329/- രൂപയുടെ കൃത്യത പരിശോധനയിൽ ബോദ്ധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

1) ഗുണഭോക്തൃ തെരഞ്ഞെടുപ്പ് സുതാര്യമല്ല. ആനുകൂല്യം ആവശ്യമുള്ള അർഹരായ ഗുണഭോക്താക്കളുടെ അഭാവത്തിൽ ഗ്രാമസഭ അംഗീകരിച്ച ലിസ്റ്റിൽ നിന്നും ആനുകൂല്യം നൽകാൻ കഴിയാതെ വരുന്ന പ്രവണത നിലനിൽക്കുന്നു.

2) വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കുന്ന പ്രോജക്ടുകളുടെ മേണിറ്ററിംഗ് സമിതിയായി ബന്ധപ്പെട്ട വർക്കിങ്ങ് ഗ്രൂപ്പുകൾ പ്രവർത്തിക്കേണ്ടതാണ്. എന്നാൽ പൂർത്തിയാക്കിയ പ്രോജക്ടുകളിൽ ഒന്നിലും തന്നെ മോണിറ്ററിംഗ് റിപ്പോർട്ട് ഉൾപ്പെടുത്തിയിട്ടില്ല. പ്രോജക്ട് നിർവ്വഹണത്തിന്റെ ഫലപ്രാപ്തി കാര്യക്ഷമമായ മോണിറ്ററിംഗിനെ ആശ്രയിച്ചാണിരിക്കുന്നത്. ആയതിനാൽ മോണിറ്ററിംഗ് സമിതികൾ ബന്ധപ്പെട്ട പ്രോജക്ടുകളുടെ എല്ലാ നിർവ്വഹണ ഘട്ടങ്ങളും വിലയിരുത്തി റിപ്പോർട്ട് തയ്യാറാക്കി പഞ്ചായത്ത് കമ്മിറ്റിയിൽ അവതരിപ്പിക്കേണ്ടതാണ്.

3) ഡെപ്പോസിറ്റ് രജിസ്റ്റർ, മുൻകൂർ രജിസ്റ്റർ എന്നിവ തയ്യാറാക്കി സൂക്ഷിച്ച് വാർഷികകണക്കിലെ തുകകളുമായി പൊരുത്തപ്പെടുത്തി സൂക്ഷിക്കുന്നില്ല.

4) ഡെപ്പോസിറ്റ് പ്രവൃത്തികൾ യഥാസമയം പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുന്നില്ല.

5) മാലിന്യ സംസ്കരണ രംഗത്ത് വലിയ മാറ്റം കൊണ്ടുവരാൻ കഴിയുന്ന തുമ്പൂർമുഴി മോഡൽ എയ്റോബിക് കമ്പോസ്റ്റ് നിർമ്മാണം പോലുള്ള പദ്ധതികൾ നടപ്പിലാക്കാതെ ഉപയോഗിക്കുന്നത് അഭിലഷണീയമല്ല.

**1-10 മാലിന്യ സംസ്കരണം ഹരിതകർമ്മസേനയിലൂടെ - അവലോകനം**

ഗ്രാമപഞ്ചായത്തിലെ ഖരമാലിന്യ സംസ്കരണം ഹരിതകർമ്മസേനയിലൂടെയാണ് നടപ്പാക്കുന്നത്. ഹരിതകർമ്മസേനയുടെ പ്രവർത്തനം സംബന്ധിച്ച അവലോകനം ചുവടെ ചേർക്കുന്നു.

അടിസ്ഥാന വിവരങ്ങൾ

എറണാകുളം ജില്ലയിൽ ഇടപ്പള്ളി ബ്ലോക്ക്പഞ്ചായത്തിലുൾപ്പെട്ട ചേരാനല്ലൂർ ഗ്രാമപഞ്ചായത്തിന് 10.59 ചതുരശ്ര കിലോമീറ്റർ വിസ്തൃതിയാണുള്ളത്. 17 വാർഡുകളുള്ള പഞ്ചായത്തിലെ ജനസംഖ്യ 30594 ആണ്. ആൾതാമസമുള്ള 9081 വീടുകളും 1097 സ്ഥാപനങ്ങളും ഇവിടെ നിലവിലുണ്ട്.

2019-20 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി 2020 ജനുവരിയിലാണ് ഹരിതകർമ്മസേന ഇവിടെ രൂപീകരിച്ചത്. 17 വാർഡുകളിലായി ആകെ 29 ഹരിതകർമ്മസേനാംഗങ്ങൾ അജൈവ മാലിന്യം ശേഖരിക്കുന്ന പ്രവൃത്തിയിൽ ഏർപ്പെട്ടിട്ടുണ്ട്.

മാലിന്യ ശേഖരണ കാര്യക്ഷമത

നിത്യജീവിതത്തിന്റെ ഭാഗമായുണ്ടാകുന്ന അജൈവമാലിന്യങ്ങൾ കഴുകി വൃത്തിയാക്കി ഉണക്കി കൈമാറുന്നതിനാണ് നിർദ്ദേശിച്ചിട്ടുള്ളത്.

മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി സെന്റർ (MCF)/റിസോഴ്സ് റിക്കവറി ഫെസിലിറ്റി (RRF)

അടിസ്ഥാന വിവരങ്ങൾ

MCF ൽ മാലിന്യങ്ങൾ ശേഖരിച്ചുവച്ചിരിക്കുന്നതിന്റെ ദൃശ്യം ചേർക്കുന്നു.



ഗ്രാമപഞ്ചായത്തിന്റെ സ്വന്തം ഉടമസ്ഥതയിലുള്ള കെട്ടിടത്തിലാണ് എം.സി.എഫ് പ്രവർത്തിക്കുന്നത്. ഓഡിററ് ടീം സന്ദർശനം നടത്തിയ അവസരത്തിൽ പ്രൊക്ലെയ്ൻ ഉപയോഗിച്ച ക്ലീനിംഗ് നടത്തി വൃത്തിയുള്ള അന്തരീക്ഷമായാണ് കാണാൻ കഴിഞ്ഞത്. മിനി എം.സി.എഫുകളിൽ നിന്നുള്ള മാലിന്യം ഇവിടെ വച്ചാണ് തരംതിരിച്ച് കൈമാറുന്നത്.

റിസോഴ്സ് റിക്കവറി ഫെസിലിറ്റി (RRF)



എം.സി.എഫ് കെട്ടിടത്തിനോട് ചേർന്നു തന്നെയുള്ള മുറിയിലാണ് റിസോഴ്സ് റിക്കവറി ഫെസിലിറ്റി (RRF) പ്രവർത്തിക്കുന്നത്. ആർ.ആർ. എഫ്. ലെ ഷ്രഡിംഗ് മെഷീൻ നിലവിൽ പ്രവർത്തനക്ഷമമല്ല.

റീസൈക്ലിംഗ്

ബ്രഹ്മപുരം മാലിന്യപ്ലാന്റിലെ തീപിടിത്തത്തെ തുടർന്ന് ജൈവമാലിന്യം അവിടെ സ്വീകരിക്കാത്ത സാഹചര്യത്തിൽ യുദ്ധകാലാടിസ്ഥാനത്തിൽ 4 കമ്മ്യൂണിറ്റി ലെവൽ ജൈവ മാലിന്യ സംസ്കരണ സംവിധാനമായ തുമ്പൂർമുഴി മോഡൽ എയ്റോബിക് ബിന്നുകൾ സ്ഥാപിക്കുകയുണ്ടായി.

1. കോതാട് പാലത്തിനു സമീപം.

2.വടുതല പാലത്തിനു സമീപം

3.അമ്പലക്കടവ്

4.ഞാറ്റുവെട്ടിക്കടവ്

കോതാട് പാലത്തിനു സമീപമുള്ള (ആസ്റ്റർ മെഡിസിറ്റിക്കു സമീപം) കമ്മ്യൂണിറ്റി ലെവൽ ജൈവ മാലിന്യ സംസ്കരണ സംവിധാനത്തിന്റെ പ്രവർത്തന ദൃശ്യങ്ങൾ ചേർക്കുന്നു.





വളമായി മാറിയ ജൈവമാലിന്യത്തിന്റെ ചിത്രമാണ് താഴെ കാണുന്നത്.



ജൈവമാലിന്യം വളമായി മാറ്റുന്ന പ്രക്രിയ വഴി ശേഖരിക്കുന്ന വളം, കിലോഗ്രാമിന് 20/- രൂപ നിരക്കിൽ ജനങ്ങൾക്ക് കൈമാറുന്നുണ്ട്. ഓരോ ബിന്നിലെ ചുമതലകൾ കൃത്യമായി നിർവഹിക്കാൻ 2 ഹരിതകർമ്മസേന അംഗങ്ങളെ വീതം പ്രതിമാസം 5000/- രൂപ നിരക്കിൽ സെക്രട്ടറി നിർവഹണം നടത്തുന്ന പ്രൊജക്ട് വഴി ഏർപ്പെടുത്തിയിട്ടുണ്ട്. പ്രവർത്തനം ആരംഭഘട്ടത്തിലായതിനാൽ, ഇതിൽ നിന്നു ലഭിക്കുന്ന വരുമാനം കൈകാര്യം ചെയ്യുന്നത് സംബന്ധിച്ച് മാർഗ്ഗ നിർദേശങ്ങൾ രൂപപ്പെടുത്തിയിട്ടില്ല.

കമ്മ്യൂണിറ്റി എൻഗേജ്മെന്റ്

സി. ഡി. എസ്. കുടുംബശ്രീ എന്നീ കൂട്ടായ്മകളിലൂടെ മാലിന്യ സംസ്കരണ രീതികളെക്കുറിച്ച് പൊതുജനങ്ങൾക്ക് അവബോധം നൽകുന്നതിനായി പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്.

തൊഴിൽ സൃഷ്ടിക്കൽ

2023-24 വർഷം യൂസർ ഫീ ഇനത്തിൽ ₹37,62,100/-വരവ് വന്നിട്ടുണ്ട്. ഓരോ അംഗവും കളക്ട് ചെയ്യുന്ന യൂസർ ഫീയുടെ 90% ആണ് വേതനമിനത്തിൽ നൽകുന്നത്. പഞ്ചായത്തിലെ 29 ഹരിതകർമ്മസേനാംഗങ്ങൾക്ക് ശരാശരി ₹11,547/- പ്രതിമാസം വരുമാനമായി ലഭിക്കുന്നുണ്ട്. വയബിലിറ്റി ഗ്യാപ് ഫണ്ട് ഉപയോഗിക്കേണ്ടി വരുന്നില്ല. യൂസർ ഫീ നൽകാത്തവർക്ക് നോട്ടീസ് നൽകൽ, 90 ദിവസം യൂസർഫീ നൽകാത്തവരിൽ നിന്ന് ഫൈൻ ഈടാക്കൽ എന്നിവയല്ലാതെ ഹരിതകർമ്മസേനാംഗങ്ങളുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ളതിനായി മറ്റ് പ്രവർത്തനങ്ങളൊന്നും ആവിഷ്കരിച്ച് നടപ്പാക്കുന്നില്ല.

അടിസ്ഥാന സൗകര്യവികസനം

മാലിന്യം നീക്കം ചെയ്യുന്നതിന് നിലവിൽ സ്വന്തമായി 2 വാഹനങ്ങൾ ഉണ്ട്, രജി. നം. KL070B5036, KL07CN226. ഹരിതകർമ്മസേനാംഗങ്ങളിൽ രണ്ട്പേർക്ക് ഡ്രൈവിംഗ് ലൈസൻസ് ഉണ്ട്. ഹരിതകർമ്മസേനയുടെ പ്രവർത്തനങ്ങൾക്കായി വാർഡുകൾ തോറും മിനി എം. സി. എഫ്. സ്ഥാപിച്ചിട്ടുണ്ട്.

പാരിസ്ഥിതിക ആഘാതം

പൊതുനിരത്തുകളിലും ഇടങ്ങളിലും മാലിന്യം തള്ളുന്നവരെ കണ്ടെത്തുന്നതിന് 36 ക്യാമറകൾ പാതയോരങ്ങളിൽ സ്ഥാപിച്ചിട്ടുണ്ട്. ക്യാമറ റിവ്യൂ നടത്തി പൊലീസ് വിഭാഗവുമായി ചേർന്ന് പിഴ ഈടാക്കുന്നുണ്ട്. എൻഫോഴ്സ്മെന്റ് സ്ക്വാഡ് പരിശോധനകൾ നടത്തുകയും പിഴ ഈടാക്കുകയും ചെയ്യുന്നു. ഈ ഇനത്തിൽ 2023-24 കാലയളവിൽ ₹1,07,000/- ലഭിച്ചിട്ടുണ്ട്.

പരിശീലനവും വികസനവും

ഹരിതകർമ്മസേനാംഗങ്ങൾക്ക് പ്രായോഗിക തലത്തിൽ മാലിന്യസംസ്കരണം, സ്മാർട്ട് ഗാർബേജ് മോണിട്ടറിംഗ് എന്നിവ സംബന്ധിച്ച പരിശീലനം (ഹരിതമിത്രം പരിശീലനം, കുടുംബശ്രീ ജില്ലാമിഷൻ ട്രെയ്നിംഗ്) നൽകിയിട്ടുണ്ട്. സ്മാർട്ട് ഗാർബേജ് മോണിട്ടറിംഗ് സംവിധാനം നടപ്പാക്കുന്നതിന്റെ ഭാഗമായി ഹരിതകർമ്മസേനാംഗങ്ങൾക്ക് പരിശീലനം നൽകിയെങ്കിലും സ്മാർട്ട് ഫോണുകൾ ഉപയോഗിക്കുന്നതിന് പരിജ്ഞാനക്കുറവ് ഉള്ളതിനാൽ പ്രവർത്തനത്തിന് പരിമിതികൾ ഉണ്ട്.

ഹരിതകർമ്മസേനാംഗങ്ങളുടെ പ്രവർത്തനം

ഹരിതകർമ്മസേനാംഗങ്ങളുടെ പ്രവർത്തനം സംബന്ധിച്ച് മൂന്നു മാസത്തിലൊരിക്കൽ പൊതുമീറ്റിംഗ്, കൺസോർഷ്യം മീറ്റിംഗ് എന്നിവ നടത്തി വരുന്നുണ്ട്. ക്യൂ ആർ കോഡ് പതിപ്പിക്കൽ പൂർത്തിയായിട്ടുണ്ട്. സ്മാർട്ട് ഗാർബേജ് മോണിട്ടറിംഗ് സിസ്റ്റം നിലവിൽ പ്രവർത്തിക്കുന്നുണ്ട് .

1. നേട്ടങ്ങൾ/പുരസ്കാരങ്ങൾ

കുടുംബശ്രീ അതത് വാർഡിലെ ഹരിതകർമ്മസേന അംഗങ്ങളെ പഞ്ചായത്ത് തലത്തിൽ ആദരിച്ചിട്ടുണ്ട്. വാർഡ് നം. 17 ൽ എല്ലാമാസവും 100% കളക്ഷൻ പൂർത്തിയാക്കുന്നുണ്ട്.

2. മാലിന്യ കൈമാറ്റ കാര്യക്ഷമത

എല്ലാ മാസവും 5-ാം തീയതിക്ക് ശേഷം വാർഡ് തലത്തിൽ മാലിന്യശേഖരണം നടത്തിവരുന്നു. പൊതു മീറ്റിംഗിൽ മാലിന്യം വേർതിരിക്കുന്നത് സംബന്ധിച്ചും നിലവിലെ പ്രവർത്തനങ്ങളുടെ പോരായ്മകൾ സംബന്ധിച്ചും ചർച്ച ചെയ്യുകയും പുതിയ നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നുണ്ട്.

3. മാലിന്യ സംഭരണ ശേഷി

മാലിന്യം സംഭരിക്കുന്നതിനായി നിർമ്മിച്ചിട്ടുള്ള എം. സി. എഫ്. ന് ഏകദേശം 1500 ചതുരശ്ര അടി വിസ്തൃതിയുണ്ട്. പരമാവധി 30 ദിവസം വരെ മാലിന്യം സംഭരിച്ച് സൂക്ഷിക്കാൻ സാധിക്കുന്നുണ്ട്.

4. മാലിന്യം കൈകാര്യം ചെയ്യുന്നതിനുള്ള നടപടിക്രമങ്ങൾ

തൊഴിലാളികളുടെ സുരക്ഷയും പരിസ്ഥിതി സംരക്ഷണവും ഉറപ്പാക്കിക്കൊണ്ട് മാലിന്യം ഇനം തിരിക്കുന്നതിന് സേനാംഗങ്ങൾക്ക് കൈയുറ, മാസ്ക്, ഹാൻഡ് സാനിറ്റൈസർ, റെയിൻ കോട്ട് എന്നിവ വിതരണം ചെയ്തിട്ടുണ്ട്.

5. ശുചിത്വമാനദണ്ഡങ്ങൾ

എം. സി. എഫ്. പരിസരത്ത് ദുർഗന്ധവും കീടങ്ങളും തടയുന്നതിന് ക്ലീനിംഗ് നടത്താറുണ്ട്.

6. യഥാസമയം മാലിന്യം കൈയ്യൊഴിയൽ

“നോർത്താംപ്സ് ഇ. എൻ. വി. സൊല്യൂഷൻസ്”, “പ്ലാനറ്റ് എർത്ത്” എന്നീ രണ്ട് സ്ഥാപനങ്ങളുമായി കരാറിലേർപ്പെട്ടുകയും മാലിന്യം കൈമാറുകയും ചെയ്യുന്നുണ്ട്.

**ഓഡിറ്റ് നിർദ്ദേശങ്ങൾ:**

1. സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സംവിധാനം ശക്തമാക്കുന്നതിന്, ഹരിതകർമ്മസേനാംഗങ്ങൾക്ക് സ്മാർട്ട് ഫോൺ ഉപയോഗിക്കുന്നതിന് പ്രായോഗിക പരിജ്ഞാനം നൽകുക.

2. ഹരിതകർമ്മസേനാംഗങ്ങളുടെ വരുമാന വർദ്ധനവിന് സ്ക്രാപ്പ്, പഴയ ന്യൂസ്പേപ്പർ എന്നിവ കൂടി ശേഖരിച്ച് വിൽപന നടത്താനുള്ള പദ്ധതികൾ ആവിഷ്കരിക്കുക.

### 1-11 അതിദരിദ്രർക്ക് പോഷകാഹാരം - ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളുടെ വിഹിതം ഉറപ്പാക്കേണ്ടതാണ്

ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളുടെ വിഹിതം ലഭ്യമാക്കിയിട്ടില്ല.

| പ്രോജക്ട് നമ്പർ | പ്രൊജക്ടിന്റെ പേര് | ഫണ്ട് | അടങ്കൽ | ചെലവ് | ചെക്ക് നമ്പർ/തീയതി, തുക |
|---|---|---|---|---|---|
| 228/2024 | അതിദരിദ്രർക്ക് പോഷകാഹാരം | തനത് ഫണ്ട് | 50,000 | 34724 | ചെക്ക് നം. 043355/20.01.2024 17,107/- ചെക്ക് നം. 146020/13.03.2024 1705/- |

ഗ്രാമ ബ്ലോക്ക് ജില്ലാ പഞ്ചായത്തുകൾ പതിനാലാം പഞ്ചവത്സരപദ്ധതിയിലെ വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിലെ മാർഗ്ഗരേഖ സംബന്ധിച്ച സർക്കാർ ഉത്തരവ് (കൈ) നം. 84/2022/LSGD Dt. 19.04.2022 ഖണ്ഡിക 6.6 (2) പ്രകാരം മൈക്രോ പ്ലാനുകളിലെ വിവിധ ഘടകങ്ങളെ അടിസ്ഥാനമാക്കി നിർവഹണ പ്രൊജക്ടുകൾക്ക് രൂപം നൽകേണ്ടതും ലഭ്യമായ സ്രോതസുകളിൽ നിന്നും വിഹിതം കണ്ടെത്തി ഓരോ വർഷത്തെയും പദ്ധതിയുടെ ഭാഗമാക്കേണ്ടതുമാണ്. ഗ്രാമ പഞ്ചായത്തുകൾ തയ്യാറാക്കുന്ന അതിദരിദ്രർക്ക വേണ്ടിയുള്ള മൈക്രോ പ്ലാനുകൾക്ക് ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾ വിഹിതം നൽകണം. ഇപ്രകാരം വിഹിതം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല. വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവഹണം നടത്തിയ മേൽ പ്രൊജക്ടിൽ തനത് ഫണ്ട് മാത്രമാണ് വകയിരുത്തി ചെലവഴിച്ചിട്ടുള്ളത്. ആയത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുവാൻ താല്പര്യപ്പെട്ടുകൊണ്ട് ഓഡിററ് എൻക്വയറി (നം.12/09.09.2024) നൽകിയതിന് ലഭ്യമാക്കിയ മറുപടിയിൽ വരും വർഷങ്ങളിൽ ബ്ലോക്ക്, ജില്ലാ പഞ്ചായത്ത് വിഹിതം ഉറപ്പാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. സ്റ്റോക്ക്/വിതരണ വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിച്ചിട്ടുണ്ടെങ്കിൽ ആയത് ഓഡിറ്റിനായി ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടതിന് മറുപടി ലഭ്യമാക്കിയില്ല. സ്റ്റോക്ക്/വിതരണ വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

### 1-12 FACTEOS ലൈസൻസ് അപാകതകൾ

1. കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 204(1)എ(i), (ii) പ്രകാരം ഓരോ അർദ്ധവർഷവും ഒരു തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പരിധിയിൽ 60 ദിവസം തൊഴിൽ ചെയ്തിട്ടുണ്ടെങ്കിൽ അതാത് തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ തൊഴിൽ നികുതി ഒടുക്കേണ്ടതാണ്. താഴെപ്പറഞ്ഞിരിക്കുന്ന സ്ഥാപനങ്ങളിൽ FACTEOS ലൈസൻസ് ലഭിക്കുന്നതിന് സ്ഥാപനം തന്നെ നൽകിയിട്ടുള്ള വിവരങ്ങൾ പ്രകാരം, രണ്ടോ അതിലധികമോ പേർ തൊഴിലെടുക്കുന്നതായി കാണുന്നു. എന്നാൽ ഇവരിൽ നിന്നും 2023-24 സാമ്പത്തിക വർഷം തൊഴിൽനികുതി ഈടാക്കിയിട്ടില്ല. വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | സ്ഥാപനത്തിൻറെ പേര് | തൊഴിലാളികളുടെ എണ്ണം |
|---|---|---|
| 1 | സേലം സ്റ്റെയിൻലസ് സ്റ്റീൽ സപ്ലയേഴ്സ് പ്രൈവറ്റ് ലിമിറ്റഡ് | 9 |
| 2 | സാംസ് ഓട്ടോമൊബൈൽസ് | 10 |
| 3 | ലൊറീറ്റോ ഫാർമസ്യൂട്ടിക്കൽ പ്രൈവറ്റ് ലിമിറ്റഡ് | 10 |
| 4 | ബി.ആർ,എസ് ഓട്ടോസ് | 12 |
| 5 | ലക്സസ് മോട്ടോർസ് | 12 |
| 6 | ആനക്കാട്ട് ഫ്യുവൽസ് | 25 |
| 7 | ആഷ്ലി അലുമിനിയം | 11 |
| 8 | തറവാട് ഹോട്ടൽ | 7 |

| | | |
|---|---|---|
| 9 | ഡി ആൻറ് കെ സർവീസസ് | 25 |
| 10 | ഓൾ ഇൻ വൺ കാർ കെയർ | 8 |
| 11 | ഹോട്ടൽ ആര്യാസ് | 30 |
| 12 | മെഡോവിക് ബേക്സ് | 11 |
| 13 | കാലിസ്റ്റ ഇൻറീരിയേഴ്സ് പ്രൈവറ്റ് ലിമിറ്റഡ് | 14 |
| 14 | റോയൽ മോട്ടോർസ് | 12 |
| 15 | അഭിരാമി ഹോട്ടൽ | 19 |
| 16 | ത്രിവേണി ബിൽഡ് വെയേഴ്സ് | 6 |
| 17 | ത്രിവേണി ബിൽഡ് വെയേഴ്സ് | 6 |
| 18 | സുജിത ഫുഡ്സ് | 9 |
| 19 | എമ്പയർ ഡെൻറൽ ക്ലിനിക് | 8 |
| 20 | ഭവാനി ഓട്ടോ ഡിസ്ട്രിബ്യൂട്ടേഴ്സ് | 120 |
| 21 | ടി.വി.എസ് സപ്ലൈചെയിൻ സൊല്യൂഷൻസ് | 7 |
| 22 | ലൂകാമോ റസ്റ്റോറൻറ് | 10 |
| 23 | സൈമർ കഫറ്റീരിയ | 10 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 9, തീ. 07/09/2024) ടി സ്ഥാപനങ്ങൾക്ക് തൊഴിൽ നികുതി ഈടാക്കുന്നതിന് കത്ത് നൽകിയിട്ടുണ്ട് എന്ന് മറുപടി ലഭിച്ചിട്ടുണ്ട്. തൊഴിൽ നികുതി ഈടാക്കി രേഖാമൂലം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

2. ചേരാനല്ലൂർ ഗ്രാമപഞ്ചായത്ത് 2023-24 വർഷത്തെ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്റ്റർ, FACTEOS ലൈസൻസ് രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ 2023-24 വർഷത്തെ പാരാമെഡിക്കൽ രജിസ്ട്രേഷൻ എടുത്ത/ പുതുക്കിയ പല സ്ഥാപനങ്ങളും 2023-24 വർഷത്തെ FACTEOS ലൈസൻസ് എടുത്തിട്ടില്ല. വിവരങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നമ്പർ | സ്ഥാപനത്തിൻറെ പേര് |
|---|---|
| 1 | രാജേഷ് ക്ലിനിക് |
| 2 | ശ്രീദർശന ഐ ആൻറ് ഇ.എൻ.ടി- ജോയിൻറ് കെയർ ആയുർവേദ സ്പെഷ്യാലിറ്റി സെൻറർ |
| 3 | ഡിവൈൻ റോസ് വിമൻസ് ക്ലിനിക് |
| 4 | ഗ്രാൻറ് ഡെൻറൽ ക്ലിനിക് |
| 5 | ഡെൻറൽ ഇൻ ഡെൻറൽ ക്ലിനിക് |
| 6 | ചക്കിയാത്ത് ഡെൻറൽ സ്പെഷ്യാലിറ്റീസ് |
| 7 | പ്രൈം മെഡിക്കൽ ഡയഗ്നോസ്റ്റിക്സ് |
| 8 | കനിവ് ഫിസിയോ തെറാപ്പി സെൻറർ |
| 9 | ഡി.ഡി.ആർ.സി. -എസ്.ആർ.എൽ.ഡയഗ്നോസ്റ്റിക്സ് ലിമിറ്റഡ് |

ആയത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 9 തീ. 07/09/2024) ടി സ്ഥാപനങ്ങൾക്ക് FACTEOS ലൈസൻസ് എടുക്കുന്നതിന് കത്ത് നൽകിയിട്ടുണ്ട് എന്ന് മറുപടി ലഭിച്ചിട്ടുണ്ട്. തുടർനടപടികൾ സ്വീകരിച്ച് രേഖാമൂലം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

3. ചേരാനല്ലൂർ ഗ്രാമപഞ്ചായത്ത് 2023-24 വർഷത്തെ FACTEOS ലൈസൻസ് രജിസ്റ്റർ, അപേക്ഷകൾ, ഫീസ് അടച്ച രശീതികൾ എന്നിവ പരിശോധിച്ചതിൽ സ്ഥാപനങ്ങളിൽ നിന്നും 200, 300, 500, 1000, 1500, 2000, 4000, 5000, 10000, 15000, 20000 എന്നിങ്ങനെ വിവിധ നിരക്കുകളിൽ ലൈസൻസ് ഫീസ് ഇനത്തിൽ തുക ഈടാക്കിയതായി കാണുന്നു. 31/10/2017 തീയതിയിലെ സർക്കാർ ഉത്തരവ് എസ്.ആർ.ഒ.

നം 674/2017 പ്രകാരം മൂലധന നിക്ഷേപത്തിൻറെ അടിസ്ഥാനത്തിലുള്ള ഫീസ് നിരക്കല്ല പല സ്ഥാപനങ്ങളോടും ഈടാക്കിയിട്ടുള്ളത് എന്ന് കാണുന്നു. ഫീസ് ഈടാക്കുന്നതിനുള്ള മാനദണ്ഡം എന്തെന്ന് വ്യക്തമല്ല.
മേൽ വിഷയത്തിൽ കൂടുതൽ വിശദാംശങ്ങൾ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 9 തീ. 07/09/2024) വ്യാപാരി വ്യവസായി സമിതി ഭാരവാഹികൾ, പഞ്ചായത്ത് പ്രസിഡൻറ്, മെമ്പർമാർ, സെക്രട്ടറി എന്നിവരുടെ നേതൃത്വത്തിൽ നടത്തിയ ചർച്ചയിൽ കുറഞ്ഞ ഫീസ് 300/- രൂപയായും പിന്നീട് 2024-25 വർഷത്തിൽ 500/- രൂപയായും നിജപ്പെടുത്തി എന്നാണ് മറുപടി നൽകിയത്. എൻക്വയറിക്ക് അനുസൃതമായ മറുപടിയല്ല നൽകിയിട്ടുള്ളത്. ഗ്രാമപഞ്ചായത്തിലെ ലൈസൻസ് ഫീസ് ഈടാക്കേണ്ടത്, ഇത് സംബന്ധിച്ച സർക്കാർ ഉത്തരവുകൾ, ബൈലോ അനുവദിച്ചാണ്. തനത് വരുമാന സ്രോതസ്സുകൾ പ്രയോജനപ്പെടുത്താൻ ഭരണസമിതി ശ്രദ്ധിക്കേണ്ടതാണ്. FACTEOS ലൈസൻസ് ഫീസ് ഈടാക്കുന്നത് സംബന്ധിച്ച് ബൈലോ / പഞ്ചായത്ത് കമ്മിറ്റി തീരുമാനം പരിശോധനക്കായി ഹാജരാക്കേണ്ടതാണ്.

## 1-13 തൊഴിൽ നികുതി അപാകതകൾ

1. ചേരാനല്ലൂർ ഗ്രാമ പഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ തൊഴിൽനികുതി രജിസ്റ്റർ പരിശോധിച്ചതിൽ ചുവടെ ചേർത്തിരിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും 2022-2023 സാമ്പത്തിക വർഷത്തെ തൊഴിൽനികുതി ഈടാക്കിയതായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും 2023-2024 സാമ്പത്തിക വർഷത്തെ തൊഴിൽനികുതി ഈടാക്കിയതായി കാണുന്നില്ല. വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | സ്ഥാപനത്തിൻറെ പേര് | അർദ്ധ വർഷം |
|---|---|---|
| 1 | ഡൻറൽ ഇൻ ഡൻറൽ ക്ലിനിക് | II |
| 2 | ഡിവൈൻ റോസ് വിമൻ ക്ലിനിക് | II |
| 3 | ഡോ. ഷെയ്ഖ് അൽത്താഫ്സ് ഡൻറൽ ക്ലിനിക് | II |
| 4 | ഗംസ് ആൻറ് സ്മൈൽ ഡൻറൽ ക്ലിനിക് | I |
| 5 | സ്മൈൽ ഡൻറൽ ക്ലിനിക് | I, II |

ടി സ്ഥാപനങ്ങളിൽ നിന്നും 2023-2024 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി ഈടാക്കി ആയത് രേഖാമൂലം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.
2. ചേരാനല്ലൂർ ഗ്രാമ പഞ്ചായത്തിൻറെ 2023-2024 സാമ്പത്തിക വർഷത്തെ തൊഴിൽനികുതി രജിസ്റ്റർ പരിശോധിച്ചതിൽ അൽ ഫറൂഖ്യ യു.പി. സ്കൂൾ എന്ന സ്ഥാപനത്തിൽ നിന്നും 2023-2024 സാമ്പത്തിക വർഷത്തെ ഒന്ന്, രണ്ട് അർദ്ധ വർഷങ്ങളിലെ തൊഴിൽനികുതി ഈടാക്കിയതായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും തൊഴിൽനികുതി റിട്ടേണുകൾ ലഭ്യമല്ല. തൊഴിൽനികുതി റിട്ടേണുകൾ ഇല്ലാതെ നികുതി എങ്ങനെ കണക്കാക്കി എന്ന് വ്യക്തമാക്കേണ്ടതാണ്. തൊഴിൽ നികുതി റിട്ടേണുകൾ ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

3. ഓറിയൻറൽ മെറ്റൽ ഇൻഡ്യ പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിന്റെ ഒന്നാം അർദ്ധ വർഷത്തെ തൊഴിൽനികുതി റിട്ടേണിൽ ജീവനക്കാരുടെ അർദ്ധ വർഷ വരുമാനം രേഖപ്പെടുത്തിയിട്ടില്ല എന്ന് കാണുന്നു. ആയത് സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 2 തീ. 06/09/2024) മറുപടി ലഭ്യമാക്കിയില്ല. ജീവനക്കാരുടെ തൊഴിൽ നികുതി റിട്ടേണുകൾ പരിശോധിക്കാതെ നികുതി എങ്ങനെ കണക്കാക്കി എന്ന് വ്യക്തമാക്കേണ്ടതാണ്.

## 1-14 മൊബൈൽ ടവറിന്റെ നികുതി കുടിശ്ശിക ഈടാക്കിയിട്ടില്ല

ചേരാനല്ലൂർ ഗ്രാമ പഞ്ചായത്ത് വാർഡ് 1 ൽ ഡെറ്റ് ബി.എസ്.എൻ.എൽ എന്നിവരുടെ പേരിലുള്ള 1/80 നമ്പർ മൊബൈൽ ടവറിന് 2010-11 മുതൽ 2024-25 വരെ ആകെ 89,701/- രൂപ നികുതി കുടിശ്ശിക കാണുന്നു.
ആയത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.22 തീ. 09/09/2024) 1/80 നമ്പർ

മൊബൈൽ ടവർ 2017 വരെ പ്രസിഡന്റ് ഓഫ് ഇൻഡ്യ എന്ന പേരിലായിരുന്ന എന്നും ആയതിനാലാണ് നികുതി ഈടാക്കാതിരുന്നതെന്നും 2017 ന് ശേഷമുള്ള നികുതി കുടിശ്ശികയ്ക്ക് റവന്യൂ റിക്കവറി നോട്ടീസ് നൽകിയിട്ടുണ്ടെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. കുടിശ്ശിക ഈടാക്കി രേഖാമൂലം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

**1-15 കെട്ടിട നിർമ്മാണ പെർമിറ്റ് ഫീസ് കുറവായി ഈടാക്കി**

31/03/2023 തീയതിയിലെ സർക്കാർ ഉത്തരവ് നം. 85/2023/LSGD പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ കെട്ടിട നിർമ്മാണ പെർമിറ്റ് ഫീസ് നിരക്ക് 10/04/2023 തീയതി പ്രാബല്യത്തിൽ പരിഷ്കരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിരുന്നതാണ്. എന്നാൽ ചേരാനല്ലൂർ ഗ്രാമപഞ്ചായത്ത് പെർമിറ്റ് രജിസ്റ്റർ, ഫയലുകൾ, രശീതികൾ എന്നിവ പരിശോധിച്ചതിൽ താഴെ പറയും പ്രകാരം പാർപ്പിടാവശ്യത്തിനുള്ള കെട്ടിട നിർമ്മാണ പെർമിറ്റിനുള്ള അപേക്ഷയിൻമേൽ കെട്ടിട നിർമ്മാണ പെർമിറ്റ് ഫീസ് ഇനത്തിൽ ഈടാക്കിയ തുകയിൽ കുറവ് കാണുന്നു.

ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | അപേക്ഷ നമ്പറും തീയതിയും | അപേക്ഷകൻറെ പേര് | കെട്ടിടത്തിൻറെ അളവ് | ഈടാക്കേണ്ട ഫീസ് നിരക്ക് (രൂപ/ച.മീ) | ഈടാക്കേണ്ട തുക | ഈടാക്കിയ തുക | കുറവ് |
|---|---|---|---|---|---|---|---|
| 1 | 4675/23 തീ. 11/04/2023 | ജെൻസി ജോസഫ്, മാളിയേക്കൽ | 105.08 ച.മീ | 50 | 5,254/- | 368/- (1230102742 തീ. 13/11/23) | 4,886/- |
| 2 | 4794/23 തീ. 13/04/2023 | സോബിൻ സി.എസ്, ചെട്ടിപ്പറമ്പിൽ | 120.26 ച.മീ | 50 | 6,013/- | 421/- (1230100772 തീ. 12/05/23) | 5,592/- |
| 3 | 4829/23 തീ. 17/04/2023 | അഖില ഷാജി, സുബീന എം. എസ് | 131.63 ച.മീ | 50 | 6,581/- | 461/- (1230100771 തീ. 12/05/23) | 6,120/- |
| | | | | | | ആകെ | 16,598/- |

ആയത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.26 തീ.10/09/2024) മറുപടി ലഭ്യമാക്കിയില്ല. കെട്ടിട നിർമ്മാണ പെർമിറ്റുകൾ പരിശോധിച്ച് കുറവ് വന്ന തുക കൂടി ഈടാക്കി രേഖാമൂലം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

**1-16 മരണപ്പെട്ടവർക്ക് സാമൂഹ്യസുരക്ഷ പെൻഷൻ നൽകി വരുന്നു**

2023-24 വർഷത്തെ ഗ്രാമപഞ്ചായത്തിൽ രജിസ്റ്റർ ചെയ്തിരിക്കുന്ന മരണ റിപ്പോർട്ടുകൾ ആസ്പദമാക്കി സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണം പരിശോധിച്ചതിൽ ഗുണഭോക്താക്കൾ മരണപ്പെട്ട് മാസങ്ങൾക്ക് ശേഷം സസ്പെൻഡ് ചെയ്യുന്നവരുടെ ബാങ്ക് അക്കൗണ്ടുകളിൽ ഗുണഭോക്താവിന് കൈമാറാൻ സാധിക്കാത്ത തുകകൾ നിലനിൽക്കുന്നു. ടി തുകകൾ നിലവിൽ ആരുടെ കൈവശമാണെന്നതു സംബന്ധിച്ച് വിവരം ലഭ്യമാക്കേണ്ടതാണ്. മരണശേഷം സസ്പെൻഡ് ചെയ്യാത്തതിനാൽ ചില അക്കൗണ്ടുകൾ നിലവിലും ആക്ടീവ് ആയി തുടരുന്നതായി കാണുന്നു. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

<u>വാർദ്ധക്യകാല പെൻഷൻ</u>

| ക്രമ നം. | പെൻഷണർ ഐ ഡി | പേര് | മരണപ്പെട്ട തീയതി | കാലയളവ് | സ്റ്റാറ്റസ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 1 | 106560600007 | മേരി കെ.ജി | 20.03.2024 | - | ആക്ടീവ് |
| 2 | 106560600161 | നബീസ | 07.07.2023 | 03/2024 മാസം വരെയുള്ള തുക അക്കൗണ്ടിൽ നിക്ഷേപിച്ചു | ആക്ടീവ് |
| 3 | 106560200440 | സേവ്യർ | 07.03.2023 | 06/2023 വരെയുള്ള തുക ബാങ്കിന് കൈമാറി | സസ്പെൻഡഡ് |
| 4 | 106560100106 | ലക്ഷ്മി | 27.03.2024 | - | ആക്ടീവ് |
| 5 | 106560202033 | എം ജെ.റാഫി | 13.03.2024 | - | ആക്ടീവ് |

1.പഞ്ചായത്ത് ഡയറക്ടറുടെ 28.09.2019 ലെ PAN/2021 DBT(DP)നമ്പർ സർക്കുലർ പ്രകാരം ഗുണഭോക്താവ് മരണപ്പെട്ടതായി അറിയുന്ന അവസരത്തിൽ തന്നെ അന്വേഷണം നടത്തി പെൻഷൻ റദ്ദ് ചെയ്യേണ്ടതാണ്. മരണപ്പെട്ട ഗുണഭോക്താക്കൾ അനർഹമായി കൈപ്പറ്റിയ സാമൂഹ്യ സുരക്ഷാ പെൻഷൻ തുകകൾ കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിന്റെ പേരിൽ കേരള സംസ്ഥാന സഹകരണ ബാങ്ക് H.O Branch Account ലേക്ക് തിരികെ അടവാക്കേണ്ടതാണ്. (A/C No.00110102300269, IFS Code KSBK 0000101). മേൽ തുകകൾ തിരികെ അടവാക്കി തീയതി, അക്കൗണ്ട് നമ്പർ, UTR നമ്പർ എന്നിവയുൾപ്പെടുന്ന സ്റ്റേറ്റ്മെൻറ് ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

2. പെൻഷൻ വിതരണം സംബന്ധിച്ച് ഏതാനും ഉദാഹരണങ്ങൾ മാത്രമാണ് എൻക്വയറിയിലൂടെ ലഭ്യമാക്കിയത്. മേൽ ഉദാഹരണങ്ങളിൽ സംഭവിച്ചിരിക്കുന്ന അപാകതകൾ മറ്റ് അക്കൗണ്ടുകളിലും സംഭവിച്ചിട്ടില്ല എന്ന് ഉറപ്പാക്കുന്നതിനായി ഗ്രാമ പഞ്ചായത്തിലെ മുഴുവൻ സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താക്കളുടെയും അക്കൗണ്ടുകൾ പരിശോധിക്കേണ്ടതും സമാനമായ അപാകതകൾ ഉണ്ടെങ്കിൽ ആയത് പരിഹരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

3. ഓരോ പിരീഡിലും വിതരണം ചെയ്യപ്പെടുന്ന പെൻഷൻ തുകകൾ കൃത്യമായി ഗുണഭോക്താവിനു ലഭ്യമാകുന്നുണ്ടോ എന്നും മരണപ്പെടുന്നവരുടെ അക്കൗണ്ടുകൾ യഥാസമയം സസ്പെൻറ് ചെയ്യപ്പെടുന്നുണ്ടോ എന്നും ഉറപ്പാക്കുന്ന വിധത്തിൽ കൂടുതൽ കാര്യക്ഷമതയോടെ പെൻഷൻ വിതരണം കൈകാര്യം ചെയ്യപ്പെടേണ്ടതുണ്ട്. ആയതിനാൽ ഈ വിഷയത്തിൽ ധനകാര്യ, ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റികളുടെയും പഞ്ചായത്ത് കമ്മിറ്റിയുടെയും ബന്ധപ്പെട്ട വാർഡ് മെമ്പർമാരുടെയും അടിയന്തിരമായ ശ്രദ്ധ ഉണ്ടാകേണ്ടതാണ്.

4. മരണം റിപ്പോർട്ടു ചെയ്യപ്പെട്ട തദ്ദേശ സ്ഥാപനം എന്ന നിലയിൽ ബന്ധപ്പെട്ട ക്ഷേമനിധി ബോർഡുകളെ വിവരം അറിയിക്കാത്തതിനാൽ ക്ഷേമനിധി ബോർഡ് പെൻഷനുകൾ ആക്ടീവ് ആയി തുടരുന്നത് സംബന്ധിച്ചും തുടർനടപടി സ്വീകരിക്കേണ്ടതാണ്.

ആയത് സംബന്ധിച്ച് നൽകിയ 09.09.2024 ലെ 21-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ മരണപ്പെട്ട ഗുണഭോക്താക്കളുടെ നിലവിൽ ആക്ടീവ് ആയി തുടരുന്ന അക്കൗണ്ട് സസ്പെൻഡ് ചെയ്യുന്നതിനും, ടി അക്കൗണ്ടിൽ ഗുണഭോക്താവിന് കൈമാറാൻ സാധിക്കാത്ത തുകകൾ തിരികെ സർക്കാരിലേക്ക് അടവാക്കുന്നതിനുള്ള നടപടികൾ അടിയന്തരമായി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചു.

**1-17 ആംബുലൻസ് രസീത് വരവ് അടവാക്കിയതിലെ അപാകതകൾ**

ചേരാനല്ലൂർ ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള KL-07-BW-9238 ആംബുലൻസിന്റെ 2023-24 വർഷത്തെ ലോഗ്ബുക്ക്, വാടക ഈടാക്കിയതിന്റെ രശീതി ബുക്ക്, ആംബുലൻസ് വാടക രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ 2024 ഫെബ്രുവരി, മാർച്ച് മാസങ്ങളിലെ ആകെ ആംബുലൻസ് രസീത് വരവ് തുകയായ 2,700/- രൂപ 07/09/2024 തീയതിയിലെ 1240302002 രശീതി പ്രകാരം അടവാക്കിയിട്ടുണ്ട് എന്ന് കാണുന്നു. ടി മാസങ്ങളിലെ ആംബുലൻസ് രസീത് വരവ് തുക അടവാക്കിയത് ആറ് മാസത്തിന് ശേഷമാണ് എന്ന് കാണുന്നു. മാർച്ച് മാസത്തിന് ശേഷമുള്ള ആംബുലൻസ് രസീത് അടവാക്കിയത് 9/24

– ൽ മാത്രമാണ്.

ആയത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.10 തീ. 09/09/2024) ആംബുലൻസ് സേവനം കഴിഞ്ഞ് വാടക കിട്ടാൻ വൈകുന്നതു കൊണ്ടാണ് വാടക അടവാക്കാൻ വൈകിയത് എന്നും അതാത് ദിവസങ്ങളിൽ തന്നെ തുക അടവാക്കുന്നതിന് ഡ്രൈവർക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട് എന്നും മറുപടി ലഭിച്ചിട്ടുണ്ട്. ആംബുലൻസിന്റെ ലോഗ്ബുക്ക്, വാടക ഈടാക്കിയതിന്റെ രശീതി ബുക്ക്, ആംബുലൻസ് വാടക രജിസ്റ്റർ എന്നിവ പരിശോധിച്ച് അതാത് ദിവസങ്ങളിൽ തന്നെ വാടക ഈടാക്കി അടവാക്കുന്നുണ്ടെന്ന് ചുമതലയുള്ള ഉദ്യോഗസ്ഥൻ ഉറപ്പുവരുത്തേണ്ടതാണ്.

### 1-18 കടമുറികൾക്ക് വൻ വാടക കുടിശ്ശിക കാണുന്നു

1. 2005 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു ആർജ്ജിക്കലും കയ്യൊഴിയലും) ചട്ടങ്ങൾ ചട്ടം 7(1) പ്രകാരം വ്യാപാരാവശ്യങ്ങൾക്കായി പഞ്ചായത്തിന് കെട്ടിടങ്ങൾ നിർമ്മിക്കാവുന്നതും നിയമവും ചട്ടങ്ങളും ഈ ആവശ്യത്തിനായി പഞ്ചായത്ത് രൂപീകരിക്കുന്ന ബൈലോയിലെ നിബന്ധനകൾക്കനുസൃതമായി പഞ്ചായത്ത് നിശ്ചയിക്കുന്ന ഫീസ് ഈടാക്കി പൊതുജനങ്ങൾക്ക് ലൈസൻസിന്മേൽ വാടകക്കോ പാട്ടത്തിനോ നൽകാവുന്നതുമാണ്. ചട്ടം 7(2) പ്രകാരം കെട്ടിടമോ മുറിയോ കൈവശം വയ്ക്കുന്നതിനുള്ള നിബന്ധനകളും ഫീസും തുക ഒടുക്കുന്നതിനുള്ള നടപടി ക്രമവും ലൈസൻസിൽ സൂചിപ്പിക്കേണ്ടതാണ്. ചട്ടത്തിലെ ഫോറം III ലെ നിബന്ധനകൾക്കും അനുസൃതമായി മതിയായ മൂല്യമുള്ള സ്റ്റാമ്പ് പേപ്പറിൽ എഗ്രിമെൻറ് ചമക്കേണ്ടതാണ്. ചിറ്റൂർ ഷോപ്പിംഗ് കോംപ്ലക്സിലെ 16 കടമുറികൾ തൻവർഷം വാടകക്ക് നൽകിയിട്ടുള്ളതായി കാണുന്നു. ഏത് മാനദണ്ഡ പ്രകാരമാണ് കടമുറികൾ വാടകക്ക് നൽകിയതെന്നും വാടക രജിസ്റ്ററിൽ രേഖപ്പെടുത്തിയവർക്ക് തന്നെയാണോ വാടകക്ക് നൽകിയതെന്നും വ്യക്തമല്ല. വാടക എഗ്രിമെൻറുകൾ, വാടക സംബന്ധിച്ച കമ്മിറ്റി തീരുമാനങ്ങൾ, വാടക നിരക്ക് നിശ്ചയിച്ച രേഖകൾ, ബൈലോ എന്നിവ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

2. ചിറ്റൂർ ഫെറി ഷോപ്പിംഗ് കോംപ്ലക്സിലെ താഴെ ചേർത്ത കടമുറികളിൽ നിന്ന് 2023-24 വർഷത്തെ വാടക ഈടാക്കിയതായി കാണുന്നില്ല. വിവരങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നമ്പർ | കെട്ടിട നമ്പർ | വാടകക്കെടുത്ത വ്യക്തി | പ്രതിമാസ വാടക നിരക്ക് | ഡിമാന്റ് | കളക്ഷൻ | കുടിശ്ശിക |
|---|---|---|---|---|---|---|
| 1 | 12/141 | ബാലകൃഷ്ണൻ ടി.ഐ, തെയ്യത്ത് | 2,085 | 25,020 | 4,170 | 20,850 (10 മാസം) |
| 2 | 12/142 | ബാലകൃഷ്ണൻ ടി.ഐ, തെയ്യത്ത് | 2,781 | 33,372 | 5,562 | 27,810 (10 മാസം) |
| 3 | 12/145 | അഗസ്റ്റിൻ ജോമോൻ, പുതുശ്ശേരി, മൂലമ്പിള്ളി | 3,121 | 37,452 | 34,331 | 3,121 (1 മാസം) |
| 4 | 12/151 | ഷാജി.പി.എ, പാലാപ്പറമ്പിൽ, അരുകുറ്റി | 5,565 | 66,780 | 5,300 | 61,480 (11 മാസം) |
| 5 | 12/152 | ഭവാനി, പ്രസാദം, സൗത്ത് ചിറ്റൂർ | 1,080 | 12,960 | 11,880 | 1,080 (1 മാസം) |
| 6 | 12/153 | അമ്മിണിക്കുട്ടി, വലിയതറ, സൗത്ത് ചിറ്റൂർ | 3,087 | 37,044 | 0 | 37,044 (12 മാസം) |
| 7 | 12/153/B | ജോസ്.പി.എഫ്, പനക്കൽ ഹൗസ്, സൗത്ത് ചിറ്റൂർ | 3,418 | 41,016 | 0 | 41,016 (12 മാസം) |
| ആകെ | | | | | | 1,92,401 |

ക്രമ നം. 1,2 എന്നിവർ 10 മാസത്തെ വാടകയും, ക്രമ നം. 4 11 മാസത്തെ വാടകയും, ക്രമ നം. 6, 7 എന്നിവർ 1 വർഷത്തെ വാടകയും അടവാക്കിയിട്ടില്ല. വാടക നൽകാത്തവരുടെ കുടിശ്ശിക പലിശ സഹിതം ഈടാക്കേണ്ടതും, തുടർച്ചയായി വാടക നൽകാത്തവരുമായി കരാർ തുടരേണ്ടതുണ്ടോയെന്ന് ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റി പരിശോധിക്കേണ്ടതാണ്.

വാടക ഈടാക്കാത്തത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 3 തീ. 06/09/2024) മറുപടി ലഭിച്ചിട്ടില്ല. തുടർനടപടികൾ സ്വീകരിച്ച് വിവരങ്ങൾ രേഖകൾ സഹിതം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

**1-19 ഹോമിയോ മരുന്ന് പൂർണമായും ലഭ്യമായില്ല -47,001/- രൂപ തടസ്സം**

| | |
|---|---|
| പ്രോജക്ട് നം. | S0019/24 |
| പ്രോജക്ട് | ചിറ്റൂർ എസ് സി ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ |
| നിർവ്വഹണ ഉദ്യോഗസ്ഥ | മെഡിക്കൽ ഓഫീസർ, ഗവൺമെന്റ് ഹോമിയോ ഡിസ്പെൻസറി, ചേരാനല്ലൂർ |
| അടങ്കൽ | 1,00,000/- രൂപ<br>(മെയിന്റനൻസ് ഫണ്ട്- റോഡിതരം) |
| ചെലവ് | 1,00,000/- രൂപ<br>(മെയിന്റനൻസ് ഫണ്ട്- റോഡിതരം) |
| ബിൽ നം./തീയതി / തുക | 231 / 28.11.2023 /<br>₹ 1,00,000/- |

ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ പദ്ധതി പ്രകാരം കേരള സ്റ്റേറ്റ് ഹോമിയോപതിക് കോ-ഓപ്പറേറ്റീവ് ഫാർമസി ലിമിറ്റഡ്, ആലപ്പുഴ എന്ന സ്ഥാപനത്തിന് 28.11.2023 ന് 1,00,000/- രൂപ നല്കിയിട്ടുണ്ട്. ഓഡിറ്റിനായി സമർപ്പിച്ച ചെലവ് രേഖകൾ പരിശോധിച്ചതിൽ ഇൻവോയിസ് നമ്പർ LF-396/14.06.24 പ്രകാരം 52,999/- രൂപയുടെ മരുന്ന് ലഭിച്ചിട്ടുണ്ട്. അവശേഷിക്കുന്ന 47,001/- (1,00,000-52,999) രൂപയുടെ മരുന്ന് ലഭ്യമായിട്ടില്ല. സമയബന്ധിതമായി മരുന്ന് ലഭ്യമാക്കാത്തത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (1/06.09.24) അടിയന്തിരമായി ലഭ്യമാക്കുന്നതിന് കത്ത് നൽകിയിട്ടുണ്ടെന്ന് മറുപടി ലഭ്യമാക്കി. മരുന്ന് ലഭ്യമാക്കുന്നതുവരെ 47,001/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. മരുന്ന് പൂർണമായും ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

**1-20 വെറ്ററിനറി സർജൻ നിർവഹണം നടത്തിയ പ്രോജക്ടിലെ അപാകതകൾ-തടസ്സം-7,80,000/- രൂപ**

| | | |
|---|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥ | വെറ്ററിനറി സർജൻ | |
| പദ്ധതിയുടെ പേര്, നമ്പർ | പോത്ത്കുട്ടി വിതരണം-<br>(ജനറൽ) S0097/24 | ആട് വിതരണം-<br>(ജനറൽ) S00100/24 |
| പ്രോജക്ടിലെ ഗുണഭോക്താക്കളുടെ എണ്ണം | 55 | 12 |
| അടങ്കൽ തുക | ₹6,60,000/-(₹1,79,000/- വികസന ഫണ്ട്, 1,51,000/-തനത് ഫണ്ട്-<br>₹3,30,000/- ഗുണഭോക്തൃ വിഹിതം) | ₹1,20,000/-<br>(₹60,000/- വികസന ഫണ്ട്,<br>₹60,000/- ഗുണഭോക്തൃ വിഹിതം) |
| ചെലവ് തുക | ₹6,60,000/-(₹1,79,000/- വികസന ഫണ്ട്, 1,51,000/-തനത് ഫണ്ട്-<br>₹3,30,000/- ഗുണഭോക്തൃ വിഹിതം) | ₹1,20,000/-<br>(₹60,000/- വികസന ഫണ്ട്,<br>₹60,000/- ഗുണഭോക്തൃ വിഹിതം) |
| ബിൽ നമ്പർ/ തീയതി, തുക | 176/26.10.23-₹1,68,000/-<br>186/30.10.23-₹17,000/- | 302/6.01.24-₹60,000/- |
| | 187/30.10.23-₹1,51,000/-<br>201/08.11.23-₹84,000/-<br>202/08.11.23-₹84,000/- | 303/6.01.24-₹60,000/- |

| | | |
|---|---|---|
| | 300/06.01.24-₹78,000/- | |
| | 301/06.01.24-₹78,000/- | |

വെറ്ററിനറി സർജൻ നടപ്പാക്കിയ S0097/24 -പോത്ത്കുട്ടി വിതരണം പദ്ധതി പ്രകാരം 50% സബ്സിഡിയും 50% ഗുണഭോക്തൃ വിഹിതം ഈടാക്കിയും 55 പോത്ത്കുട്ടികളെ 55 ഗുണഭോക്താക്കൾക്കായി വിതരണം ചെയ്തിട്ടുണ്ട്. ₹12,000/-യൂണിറ്റ് കോസ്റ്റിന്റെ 50% ആയ ₹6,000/- വീതമാണ് സബ്സിഡി അനുവദിച്ചിരിക്കുന്നത്. S00100/24-ആട് വിതരണം പദ്ധതി പ്രകാരം 50% സബ്സിഡിയും 50% ഗുണഭോക്തൃ വിഹിതം ഈടാക്കിയും 12 ആടുകളെ 12 ഗുണഭോക്താക്കൾക്കായി വിതരണം ചെയ്തിട്ടുണ്ട്. ₹10,000/- യൂണിറ്റ് കോസ്റ്റിന്റെ 50% ആയ ₹5,000/- വീതമാണ് സബ്സിഡി അനുവദിച്ചിരിക്കുന്നത്.

മേൽ പ്രോജക്ടുകളുടെ ഫയൽ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന അപാകതകൾ കാണുന്നു.

1) ആനുകൂല്യം നൽകിയ ഗുണഭോക്താക്കൾ ഗ്രാമസഭ അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല. പഞ്ചായത്ത് കമ്മിറ്റിയുടെ സാധൂകരണം വാങ്ങിയ ലിസ്റ്റാണ് ആനുകൂല്യം നൽകിയ ഗുണഭോക്താക്കളുടെ ലിസ്റ്റായി പരിശോധനയ്ക്ക് ലഭ്യമാക്കിയത്. വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (11/09.09.24) ഗ്രാമസഭ അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ട ഗുണഭോക്താക്കൾക്ക് പദ്ധതികളിൽ താൽപര്യമില്ലാതിരുന്നതിനാലും വനിത പ്രോജക്ടുകളിൽ പുരുഷൻമാരുടെ പേരുകൾ വന്നതിനാലും പദ്ധതിയിൽ താൽപര്യമുള്ള ഗുണഭോക്താക്കളെ ഉൾപ്പെടുത്തി സമയബന്ധിതമായി പദ്ധതി പൂർത്തികരിച്ചിട്ടുള്ളതുമാണെന്നും ഗ്രാമസഭാ സാധൂകരണം ലഭ്യമാക്കി രേഖകൾ ലഭ്യമാക്കുന്നതുമാണെന്നും മറുപടി ലഭ്യമാക്കി. ഇതിൽ നിന്നും ഗുണഭോക്തൃ തെരഞ്ഞെടുപ്പ് സുതാര്യമല്ലെന്ന് വ്യക്തമാകുന്നു. ഗ്രാമസഭാ സാധൂകരണം ലഭ്യമാക്കുന്നത് വരെ ചെലവ് തുക 7,80,000/- രൂപ തടസ്സത്തിൽ വെയ്ക്കുന്നു.

2)സബ്സിഡി മാർഗരേഖ സ.ഉ.കൈ.നം.115/2022/ത.സ്വ.ഭ.വ. തീയതി-28.05.2022 ഖ.33(2) പ്രകാരം ആടുകളെയും പോത്തുകുട്ടികളെയും ഗുണഭോക്താക്കളുടെ ചെലവിൽ ഇൻഷ്വർ ചെയ്യേണ്ടതാണ്. എന്നാൽ മേൽ പ്രോജക്ടുകൾ പ്രകാരം വിതരണം ചെയ്തിട്ടുള്ള ആടുകളെയും പോത്തുകുട്ടികളെയും ഇൻഷ്വർ ചെയ്തതിന്റെ രേഖകൾ ഒന്നും തന്നെ ഫയലിൽ സൂക്ഷിച്ചിട്ടില്ല. ഇൻഷ്വറൻസ് രേഖകൾ ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (11/09.09.24) ഇൻഷ്വർ ചെയ്യുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ വെറ്ററിനറി സർജന്റെ ഭാഗത്ത് നിന്ന് നടത്തിയിട്ടുണ്ടെന്നും ഗുണഭോക്താക്കളിൽ നിന്നും തുക ഈടാക്കി ചെയ്യുവാൻ സാധിക്കാത്തതിനാലാണ് ഇൻഷ്വറൻസ് രേഖകൾ ലഭ്യമാക്കാത്തതെന്നുള്ള മറുപടി തൃപ്തികരമല്ല. ഗുണഭോക്താക്കൾ സ്വന്തം ചെലവിൽ ഉരുക്കളെ ഇൻഷ്വർ ചെയ്ത രേഖകൾ ഫയലിൽ സൂക്ഷിക്കേണ്ടതാണ്. പദ്ധതി പൂർത്തീകരണം ഉരുക്കളെ ഇൻഷ്വർ ചെയ്യുന്നതും ഉൾപ്പെടുന്നു.

3) പദ്ധതികളുടെ മോണിട്ടറിംഗ് റിപ്പോർട്ട് ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ല. പദ്ധതിമാർഗരേഖ സ.ഉ.കൈ.നം.84/2022/ത.സ്വ.ഭ.വ. തീയതി-19.04.2022 ഖ.3.1.2(ബി)13 പ്രകാരം അതത് വർക്കിങ് ഗ്രൂപ്പുകൾ പ്രോജക്ട് മോണിട്ടറിങ് നിർവ്വഹിക്കേണ്ടതാണെന്നും വർക്കിങ് ഗ്രൂപ്പ് പ്രോജക്ട് നിർവ്വഹണത്തിനു ശേഷം മോണിട്ടറിങ് കമ്മിറ്റികളായി പ്രവർത്തിക്കണമെന്നും നിഷ്കർഷിച്ചിട്ടുള്ളതാണ്. എന്നാൽ വെറ്ററിനറി സർജൻ നിർവഹണ ഉദ്യോഗസ്ഥയായി നടപ്പിലാക്കിയിട്ടുള്ള പ്രോജക്ടുകളിൽ ഒന്നിലും തന്നെ ആയത് പാലിച്ചിട്ടില്ല. മേൽ പദ്ധതികൾ സംബന്ധിച്ച അവലോകനം നടത്തി റിപ്പോർട്ട് ലഭ്യമാക്കേണ്ടതും, വരും വർഷങ്ങളിൽ പദ്ധതിയുടെ ഫലപ്രാപ്തി സംബന്ധിച്ച ബന്ധപ്പെട്ട മോണിട്ടറിങ് കമ്മിറ്റിയുടെ അവലോകന റിപ്പോർട്ടും കൂടി പദ്ധതിയുടെ ഭാഗമാക്കേണ്ടതുമാണ്. പദ്ധതിപണം വിനിയോഗിക്കുക എന്നതുപോലെ പ്രാധാന്യമുള്ളതാണ് മോണിറ്ററിംഗ് പദ്ധതി ഫലപ്രാപ്തിയിലെത്തിയോയെന്ന് വിലയിരുത്തേണ്ടത് മോണിറ്ററിംഗ് സമിതിയുടെ ഉത്തരവാദിത്തമാണ്.

## 1-21 കാലിത്തീറ്റ,ധാതുലവണം - വിതരണ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല

| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | |
|---|---|---|
| | (എ) | (ബി) |

| | | | |
|---|---|---|---|
| പ്രോജക്ട് നമ്പർ , പേര് | 69/24, കറവപ്പശുക്കൾക്ക് കാലിത്തീറ്റ . | | 68/24, ധാതുലവണം വിതരണം |
| അടങ്കൽ | 67,760/-(33,880/- വികസന ഫണ്ട്-ജനറൽ<br>33,880/- ഗുണഭോക്തൃ വിഹിതം) | | 36,000/-(വികസന ഫണ്ട്-ജനറൽ ) |
| ചെലവ് | ₹ 67,760/- | | ₹ 18,000/-(വികസന ഫണ്ട്-ജനറൽ ) |
| ബിൽ നമ്പർ/തീയതി | 320/16-01-24 | 30800 | 318/16-01-24/18,000/- |
| | 405/24-02-24 | 3080 | |
| | 317/16-01-24 | 33880 | |

(എ) ക്ഷീരോല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുക എന്ന ലക്ഷ്യത്തോടെ ക്ഷീരസഹകരണ സംഘങ്ങളിലൂടെ കാലിത്തീറ്റ വിതരണം നടത്തുന്നതിന് കാലിത്തീറ്റക്ക് സബ്സിഡി നൽകുന്നതാണ് കറവപ്പശുക്കൾക്ക് കാലിത്തീറ്റ എന്ന പ്രോജക്ട് .  20 ക്ഷീരകർഷകർക്ക് ഇടയക്കുന്നം ക്ഷീരസഹകരണ സംഘത്തിലൂടെ കാലിത്തീറ്റ വിതരണം നടത്തുന്നതിനായി കേരള ഫീഡ്സിൽ നിന്ന് 1540/- രൂപ നിരക്കിൽ 44 ചാക്ക് കാലിത്തീറ്റയ്ക്കായി 33,880/- രൂപ  സബ്സിഡി ഇനത്തിൽ കേരള ഫീഡ്സിന് നൽകിയിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ കാലിത്തീറ്റ ഗുണഭോക്താക്കൾ കൈപ്പറ്റിയത് ബോധ്യപ്പെടുന്ന വിതരണ രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

(ബി) ഉരുക്കളുടെ പ്രത്യുല്പാദനശേഷിയും രോഗപ്രതിരോധശേഷിയും വർദ്ധിപ്പിക്കുക, ക്ഷീരോല്പാദനം വർദ്ധിപ്പിക്കുക എന്നീ ലക്ഷ്യങ്ങളോടെ ക്ഷീരസഹകരണ സംഘങ്ങൾ മുഖേന ധാതുലവണം വിതരണം നടത്തുന്നതിന് ഒരു ഉരുവിന് പരമാവധി 1200/- രൂപയുടെ ധാതുലവണ മിശ്രിതം കണക്കിൽ 100 ശതമാനം ധനസഹായം നൽകുന്നതാണ് പ്രോജക്ട് (നമ്പർ 68/24).  30 ക്ഷീരകർഷകർക്ക് ചീറ്റേത്തുകര ക്ഷീരസഹകരണ സംഘത്തിലൂടെ ധാതുലവണ മിശ്രിതം വിതരണം നടത്തുന്നതിനായി 150/- രൂപ നിരക്കിൽ 120 പാക്കറ്റ് കേരാമിൻ ഓർഗാനിക് മിശ്രിതത്തിന് 18,000/- രൂപ  സബ്സിഡി ഇനത്തിൽ കേരള ഫീഡ്സിന് നൽകിയിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ ധാതുലവണ മിശ്രിതം ഗുണഭോക്താക്കൾ കൈപ്പറ്റിയത് ബോധ്യപ്പെടുന്ന വിതരണ രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

വിതരണ രജിസ്റ്റർ ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (5/06-09-24, 6/06-09-24) മറുപടിയായി ഗുണഭോക്താക്കളുടെ കയ്യൊപ്പ് വാങ്ങി വിതരണ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ലെന്നും കാലിത്തീറ്റയും ധാതുലവണവും മുഴുവൻ വിതരണം ചെയ്തിട്ടുണ്ടെന്ന സാക്ഷ്യപത്രവും ലഭ്യമാക്കി. ഭാവിയിൽ അപാകതകൾ ആവർത്തിക്കാതെ ഗുണഭോക്താക്കളുടെ കൈപ്പറ്റ് ബോധ്യപ്പെടുന്ന വിതരണ രജിസ്റ്റർ സൂക്ഷിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

**1-22 ചേരാനല്ലൂർ- വരാപ്പുഴ കടത്ത് ലേലം അപാകതകൾ**

ചേരാനല്ലൂർ- വരാപ്പുഴ കടത്ത് ഏറ്റെടുത്ത് നടത്തുന്നതിന് 10/10/2023 ലെ SC2-10147/23 നമ്പർ ലേല/ക്വട്ടേഷൻ നോട്ടീസ് പ്രകാരം അറിയിപ്പ് നൽകിയിരുന്നതും ആയത് പ്രകാരം ജോഷി വർഗ്ഗീസ്, തായ്പറമ്പിൽ എന്നയാൾ 16/10/2023 തീയതിയിൽ 53,500/- രൂപക്ക് ക്വട്ടേഷൻ സമർപ്പിച്ചു. 17/10/2023 ന് നടന്ന ലേലത്തിൽ വേറെ ആരും പങ്കെടുക്കാത്ത സാഹചര്യത്തിൽ 53,500/- രൂപക്ക് ടിയാന് ലേലം ഉറപ്പിക്കുകയും 30/10/2023 ലെ 1230102608 നമ്പർ രശീതി പ്രകാരം 26,750/- രൂപ ആദ്യ ഗഡു എന്ന നിലയിൽ അടവാക്കുകയും ചെയ്തിട്ടുള്ളതാണ്. എന്നാൽ ലേലം ഉറപ്പിച്ചത് സംബന്ധിച്ച് പഞ്ചായത്ത് കമ്മിറ്റി തീരുമാനം ലഭ്യമല്ല. ലേലം ഉറപ്പിച്ചയാളുമായി കരാറിൽ ഏർപ്പെട്ടതായി കാണുന്നില്ല. ലേലം കൊണ്ട തുകയിൽ അവശേഷിക്കുന്ന 26,750/- രൂപ നാളിത് വരെയും അടവാക്കിയതായി കാണുന്നില്ല. ലേല നോട്ടീസിൽ നിബന്ധനകൾ ഉൾപ്പെടുത്തിയിട്ടില്ല. ഒരാൾ മാത്രം പങ്കെടുത്തിട്ടും പുനർലേലം നടത്താത്തതിന്റെ കാരണം വ്യക്തമല്ല.

ആയത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.27 തീ. 10/09/2024) കടത്ത് നടത്തിപ്പിൻറെ

കാലാവധി 01/11//2023 മുതൽ 31/10/2024 വരെയാണെന്നും ബാക്കി തുക അടവാക്കാൻ ലേലം ഉറപ്പിച്ചയാൾക്ക് 08/04/2024 ൽ കത്ത് നൽകിയിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. കടത്ത് തുടരുന്നത് അത്യന്താപേക്ഷിതമായതിനാൽ പൊതുജന താത്പര്യം മുൻനിർത്തിയാണ് 25/10/2023 ലെ 12-ാം നമ്പർ പഞ്ചായത്ത് കമ്മിറ്റി തീരുമാന പ്രകാരം പുനർലേലം നടത്താതെ ക്വട്ടേഷൻ ഉറപ്പിച്ചത് എന്നും അറിയിച്ചിട്ടുണ്ട്. ലേലം ഉറപ്പിച്ചയാളുമായി കരാറിൽ ഏർപ്പെടുന്നത് സംബന്ധിച്ച് വിശദീകരണം ലഭ്യമായിട്ടില്ല. ബാക്കി ലേലത്തുക അടവാക്കി വിവരം രേഖാമൂലം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

### 1-23 ഫ്രണ്ട് ഓഫീസ് ഡേറ്റാ എൻട്രി ഓപ്പറേറ്റർ, ഹരിത കർമ്മ സേന അക്കൗണ്ടന്റ് തസ്തികകളിലെ നിയമനം അനധികൃതം

നോൺ പ്ലാൻ വൌച്ചറുകളുടെ പരിശോധനയിൽ രണ്ട് ജീവനക്കാർക്ക് വേതനം നൽകിയതായി കാണുന്നു. ഫ്രണ്ട് ഓഫീസ് ഡേറ്റാ എൻട്രി ഓപ്പറേറ്റർ തസ്തികയിൽ ശ്രീ ജിതിൻ കെ.കെ, ഹരിതകർമ്മസേന അക്കൗണ്ടന്റ് തസ്തികയിൽ ശ്രീമതി ആഷ്ന ജോസഫ് എന്നിവർക്ക് മാസം തോറും 18875/- രൂപ നിരക്കിൽ വേതനം നല്കിയിട്ടുണ്ട്. മേൽ നിയമനം നടത്തിയതിന് അടിസ്ഥാനമാക്കിയ സർക്കാർ ഉത്തരവുകൾ ലഭ്യമാക്കാൻ താൽപര്യപ്പെട്ടുകൊണ്ട് ഓഡിറ്റ് എൻക്വയറി (നമ്പർ 4 തീയതി 6-9-2024) നല്കി. എന്നാൽ മറുപടി ലഭ്യമാക്കുകയുണ്ടായില്ല. നിലവിലുള്ള തസ്തികകൾ ഒഴിഞ്ഞുകിടക്കുകയാണെങ്കിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമനം നടത്തേണ്ടതും, നിലവിൽ തസ്തികകൾ ഇല്ലെങ്കിൽ ആയതിന് സർക്കാർ അനുമതിയോടെ മാത്രം താൽക്കാലിക നിയമനം നടത്തേണ്ടതാണ്. മേൽ തസ്തികകൾ സർക്കാരിൽ നിന്ന് നിർദ്ദേശിക്കപ്പെട്ടിട്ടില്ലാത്തവയായതിനാൽ സർക്കാർ അംഗീകാരം വാങ്ങി മാത്രം തുടർന്ന് വേതനം നല്കേണ്ടതാണ്.

### 1-24 സൗജന്യ ഡയാലിസിസ് യൂണിറ്റ് - സർക്കാർ അനുമതി ലഭ്യമാക്കേണ്ടതാണ്.

ചേരാനല്ലൂർ പഞ്ചായത്തിലെ സൗജന്യ ഡയാലിസിസ് സെന്ററുമായി ബന്ധപ്പെട്ട് സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി സൗജന്യ ഡയാലിസിസ് യൂണിറ്റ് ജീവനക്കാർക്ക് ഓണറേറിയം, (പ്രൊജക്റ്റ് നമ്പർ 135/24) എന്ന പ്രൊജക്റ്റ് നടപ്പാക്കിയിട്ടുണ്ട്. മുൻ സാമ്പത്തിക വർഷം സത്യസായി ട്രസ്റ്റുമായി ചേർന്നാണ് ഡയാലിസിസ് യൂണിറ്റ് ആരംഭിച്ചിട്ടുള്ളത്. നാല് ഡയാലിസിസ് മെഷീനുകൾ സത്യസായി ട്രസ്റ്റ് ആണ് സ്ഥാപിച്ചത്. ഡയാലിസിസ് ടെക്നീഷ്യന്റെ നിയമനം, വേതനം നൽകൽ എന്നിവയും ട്രസ്റ്റ് നടത്തുന്നു. സ്ഥലസൗകര്യം, മറ്റ് അനുബന്ധസൗകര്യങ്ങൾ, ഒരു നഴ്സ്, ഒരു അറ്റൻഡർ എന്നിവരുടെ വേതനം, മരുന്നുകൾ എന്നിവ ഗ്രാമപഞ്ചായത്തിന്റെ ഉത്തരവാദിത്തമാണ്. അടിയന്തിര മെഡിക്കൽ എമർജൻസികൾക്കായി ആസ്റ്റർ മെഡിസിറ്റി ഹോസ്പിറ്റലുമായി ഗ്രാമപഞ്ചായത്ത് കരാറിലേർപ്പെട്ടിട്ടുണ്ട്. സെന്റർ ആരംഭിക്കുന്നത് സംബന്ധിച്ച 20-1-2022 ലെ 3/1 തീരുമാനത്തിൽ, ഓരോ വർഷവും മരുന്ന് വാങ്ങുന്നതിന് 1.5 ലക്ഷം രൂപ ചെലവ് വരുമെന്ന് സൂചിപ്പിക്കപ്പെട്ടിട്ടുണ്ട്. എന്നാൽ പദ്ധതി ആരംഭിച്ച വർഷത്തെ പ്രൊജക്റ്റ് ഫയലിൽ (SO 219/22) നിർമ്മാണത്തിനും അടിസ്ഥാനസൗകര്യങ്ങൾക്കുമുള്ള ചെലവായി 38 ലക്ഷം രൂപയും തുടർചെലവ് ആയി എല്ലാ വർഷവും 42 ലക്ഷവും വേണ്ടിവരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്. പഞ്ചായത്ത്/CSR ഫണ്ട് ആണ് സ്രോതസ്സായി രേഖപ്പെടുത്തപ്പെട്ടിട്ടുള്ളത്. പദ്ധതി മാർഗ്ഗരേഖയിൽ ഇത്തരമൊരു പ്രൊജക്റ്റ് പഞ്ചായത്തുകൾക്ക് ഏറ്റെടുക്കുന്നതിനായി അനുമതിയുള്ളതായി കാണുന്നില്ല. ആവർത്തനചെലവുകളായി വലിയ തുക ഓരോ വർഷവും വരുന്നുണ്ട്. ഈ സാഹചര്യത്തിൽ സർക്കാരിന്റെ അനുമതി ലഭ്യമാക്കി ഡയാലിസിസ് സെന്റർ ആരംഭിക്കുന്നതായിരുന്നു ഉചിതം. അത്തരത്തിൽ ശ്രമങ്ങൾ നടത്താതിരുന്നതെന്തെന്ന് അറിയിക്കാൻ ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് എൻക്വയറി (നമ്പർ 7, തീയതി. 7-9-24) നല്കി. ഡയാലിസിസ് സെന്റർ നടത്തിപ്പിനായി CSR ഫണ്ട് ലഭ്യമായിട്ടുണ്ടോയെന്നും അറിയിക്കാൻ ആവശ്യപ്പെട്ടിരുന്നു. പദ്ധതിക്ക് ഡി.പി.സി. അംഗീകാരം ലഭ്യമാക്കിയാണ് നടപ്പാക്കിയിട്ടുള്ളതെന്നാണ് മറുപടിയിൽ അറിയിച്ചിട്ടുള്ളത്. CSR ഫണ്ട് ലഭ്യമാക്കുന്നതിനായി നടപടികൾ ആരംഭിച്ചിട്ടുണ്ടെന്ന് എക്സിറ്റ് മീറ്റിംഗ് വേളയിൽ വൈസ് പ്രസിഡന്റ് അറിയിക്കുകയുണ്ടായി. മാതൃകാപരമായി ഒരു പ്രൊജക്റ്റ് ആണിത്; എങ്കിലും പദ്ധതി മാർഗ്ഗരേഖയിൽ ഉൾപ്പെട്ടിട്ടില്ലാത്തതിനാലും രണ്ട് തസ്തികകളിൽ പഞ്ചായത്ത് ഫണ്ട് ഉപയോഗിച്ച്

വേതനം നല്കേണ്ടതിനാലും പ്രൊജക്റ്റിന് സർക്കാർ അനുമതി ലഭ്യമാക്കേണ്ടതാണ്.

**1-25 ഉന്നതവിജയം നേടുന്ന വിദ്യാർഥികൾക്ക് അവാർഡ് വിതരണം -മാർഗ്ഗരേഖയിലുൾപ്പെടാത്ത പ്രൊജക്റ്റ് നടപ്പാക്കി - 84800/- രൂപ തടസ്സപ്പെടുത്തുന്നു.**

| | |
|---|---|
| പ്രൊജക്റ്റ് നമ്പർ, പേര് | 32/24, വിവിധ കോഴ്സുകളിൽ ഉന്നതവിജയം നേടുന്ന വിദ്യാർഥികൾക്ക് അവാർഡ് വിതരണം |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| ആകെ അടങ്കൽ | ₹ 100000 |
| ആകെ ചെലവ് | ₹ 84800(തനത് ഫണ്ട് ) |
| ചെക്ക് നമ്പർ, തീയതി | 271635/26-10-23(80000/-)<br>043336/27-12-23(4800/-) |

2023-24 വർഷം സെക്രട്ടറി നടപ്പാക്കിയ വിവിധ കോഴ്സുകളിൽ ഉന്നതവിജയം നേടുന്ന വിദ്യാർഥികൾക്ക് അവാർഡ് വിതരണം എന്ന പ്രോജക്റ്റ് പ്രകാരം ₹ 84800/- രൂപ ചെലവഴിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച പ്രൊജക്റ്റ് ഫയൽ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന രേഖകൾ പരിശോധനയ്ക്ക് ലഭ്യമായില്ല.

1) ഗ്രാമസഭയിലും പഞ്ചായത്ത് കമ്മിറ്റിയിലും അംഗീകരിക്കപ്പെട്ട ഗുണഭോക്തൃ ലിസ്റ്റ്.

2) പ്രസ്തുത പ്രോജക്റ്റ് നടപ്പാക്കുന്നതിന് ആധാരമാക്കിയ സർക്കാർ ഉത്തരവ്/മാർഗ്ഗരേഖ.

3) തുക കൈപ്പറ്റിയതിന്റെ രേഖകൾ.

മേൽ രേഖകൾ/വിവരങ്ങൾ ലഭ്യമാക്കുന്നതിനായി ഓഡിറ്റ് എൻക്വയറി (നമ്പർ 8 തീയതി 7-9-2024) നല്കിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ഈ സാഹചര്യത്തിൽ ചെലവ് തുകയായ ₹84800/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. സർക്കാർ ഉത്തരവിനും, പദ്ധതി മാർഗ്ഗരേഖയ്ക്കും അനുസരിച്ച് മാത്രം പദ്ധതികൾ രൂപീകരിക്കേണ്ടതാണ്.

**1-26 വിനിയോഗ സാക്ഷ്യപത്രങ്ങൾ ലഭ്യമല്ല - ₹ 2024460/- തടസ്സപ്പെടുത്തുന്നു.**

ഓഡിറ്റ് വർഷത്തിൽ സെക്രട്ടറി നിർവ്വഹണം നടത്തിയ താഴെ ചേർത്തിട്ടുള്ള പ്രൊജക്റ്റുകളുടെ ചെലവുകൾ സംബന്ധിച്ച വിനിയോഗ സാക്ഷ്യപത്രങ്ങൾ ഫയലിൽ ലഭ്യമായിരുന്നില്ല. ആയവ ലഭ്യമാക്കാൻ താൽപര്യപ്പെട്ടുകൊണ്ട് ഓഡിറ്റ് എൻക്വയറി (നമ്പർ 13, തീയതി 9-9-24) നല്കിയിരുന്നു.

| പ്രൊജക്റ്റ് നമ്പർ, പേര് | അടങ്കൽ | ചെലവ്തുക | ബിൽനമ്പർ,തീയതി | നിർവ്വഹണ ഏജൻസി |
|---|---|---|---|---|
| 40/24 സ്ട്രീറ്റ് ലൈൻ വലിക്കൽ | ₹1000000/- | ₹ 240980/- (തനത് ഫണ്ട്) | UTR RBI0382456537091/6-2-24 | കെ.എസ്.ഇ.ബി. |
| 33/24ഐ.കെ.എം. വിഹിതം കൈമാറൽ | ₹ 100000/- | ₹ 100000/- (പൊതുവിഭാഗം സാധാരണ വിഹിതം) | UTR RBI12922340584326/18-10-23 | ഐ.കെ.എം. |
| 134/24 സ്ട്രീറ്റ് ലൈൻ വലിക്കൽ | ₹150000/- | ₹150000/- (പൊതുവിഭാഗം സാധാരണ വിഹിതം) | UTR RBI1602305762291/09-06-23 | കെ.എസ്.ഇ.ബി. |
| 44/24 ഗതാഗതതടസ്സമുണ്ടാക്കുന്ന പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | ₹1000000/- | ₹139514/- | (പൊതുവിഭാഗം സാധാരണ വിഹിതം)<br>1)27348/-<br>(RBI1602305762292/9-6-23 | കെ.എസ്.ഇ.ബി. |

| | | | | |
|---|---|---|---|---|
| | | | 2)42167/-<br>(RBI1318395743/226-23)<br>3)9685/-<br>RBI10302429986450/29-1-24<br>4)21760/-<br>RBI0762442227593/15-3-24<br>(തനത് ഫണ്ട്)<br>1)25068/-(ചെക്ക് നം.<br>908543/22-5-23<br>2)13486/-(ചെക്ക് നം.<br>908590/30-6-23) | |
| 30/24, എസ്.എസ്.എ. വിഹിതം അടവാക്കൽ | ₹1000000/- | ₹1000000/-<br>(പൊതുവിഭാഗം സാധാരണ വിഹിതം) | 219/24-11-2023 | എസ്.എസ്.കെ. |
| 105/24 സ്ട്രീറ്റ് ലൈൻ നീട്ടൽ - വാർഡ് 15 | ₹300000/- | ₹289926/-(തനത് ഫണ്ട്) | RBI103824565371143/6-02-24 | കെ.എസ്.ഇ.ബി. |
| 236/24 കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ | ₹300000/- | ₹104040/-<br>(തനത് ഫണ്ട്) | ചെക്ക് നം.<br>567628/30-3-24 | കേരള വാട്ടർ അതോറിറ്റി |
| | ആകെ | ₹ 2024460/- | | |

വിനിയോഗ സാക്ഷ്യപത്രങ്ങൾക്കായി ബന്ധപ്പെട്ട സ്ഥാപനങ്ങൾക്ക് കത്ത് നല്കിയിട്ടുള്ളതാണെന്നും ആയവ ഓഡിറ്റിന് ലഭ്യമാക്കുന്നതാണെന്നും മറുപടി നല്കിയിട്ടുണ്ട്. വിനിയോഗ സാക്ഷ്യപത്രങ്ങൾ ഓഡിറ്റിന് ഹാജരാക്കുന്നതുവരെ ചെലവ് തുകയായ ₹ 2024460/- തടസ്സപ്പെടുത്തുന്നു.

**1-27 വിദ്യാർഥികൾക്ക് തൈക്കൊണ്ടോ പരിശീലനം - പദ്ധതി രൂപീകരണത്തിലെ അപാകതകൾ**

| | |
|---|---|
| പ്രൊജക്റ്റ് നമ്പർ, പേര് | 65/24, വിദ്യാർഥികൾക്ക് തൈക്കൊണ്ടോ പരിശീലനം |
| നിർവ്വഹണോദ്യോഗസ്ഥ | ഹെഡ് മിസ്ട്രസ്സ്, ജി.എൽ.പി.എസ്. ചേരാനല്ലൂർ |
| ആകെ അടങ്കൽ | ₹ 100000 |
| ആകെ ചെലവ് | ₹ 35700(തനത് ഫണ്ട്) |
| ചെക്ക് നമ്പർ, തീയതി | 567606/25-3-24 |

മേൽ പദ്ധതി പ്രകാരം തൈക്കൊണ്ടോ പരിശീലനം നൽകിയതിന് ശ്രീ മുരുകൻ എന്നയാൾക്ക് 35700/- രൂപ നല്കിയിട്ടുണ്ട്. പ്രതിദിനം 850/- രൂപ നിരക്കിൽ 42 ദിവസത്തെക്കാണ് തുക നല്കിയിരിക്കുന്നത്( 42 X 850 = 35700). സ.ഉ.(കൈ)നം.84/2022/ത.സ്വ.ഭ.വ.,തീ.19.04.2022 പ്രകാരമുള്ള പദ്ധതി മാർഗരേഖയിലെ ഖ. 8.6.18പ്രകാരം വനിത ശിശു വികസന വകുപ്പ് നടപ്പാക്കുന്ന നിർഭയ പദ്ധതി പ്രകാരമുള്ള കായിക വിദ്യാഭ്യാസ സംബന്ധമായ പ്രതിരോധ പരിശീലന പരിപാടികളായ തായ്ക്വോണ്ടോ, ജൂഡോ, കരാട്ടെ, യോഗ, കളരി ഉൾപ്പെടെയുള്ള ആയോധനകലകളിൽ ഹൈസ്കൂൾ/ഹയർസെക്കണ്ടറി വിദ്യാർത്ഥിനികൾക്ക് പരിശീലനം നൽകാവുന്നതാണ്. ജില്ലാ പഞ്ചായത്ത് ഏറ്റെടുക്കുന്ന ഇത്തരം പ്രൊജക്ടുകളുടെ പരിശീലകരായി സ്പോർട്സ് കൗൺസിൽ അംഗീകാരമുള്ള കായികാദ്ധ്യാപകരെ നിയോഗിക്കേണ്ടതാണ്. ജില്ലാ പഞ്ചായത്ത് ഏറ്റെടുത്തു നടപ്പിലാക്കേണ്ട പദ്ധതി ഗ്രാമപഞ്ചായത്ത് ആവിഷ്ക്കരിച്ച് നടപ്പിലാക്കിയത് മാർഗ്ഗരേഖയ്ക്ക് വിരുദ്ധമാണ്. ആയതിന് വിശദീകരണം ലഭ്യമാക്കണം, എന്ന് സൂചിപ്പിച്ച് ഓഡിറ്റ് എൻക്വയറി (നമ്പർ 23, തീയതി 9-9-24) നല്കി. മാർഗ്ഗരേഖക്ക് വിരുദ്ധമായി എൽ.പി.സ്കൂൾ വിദ്യാർഥികൾക്ക് പരിശീലനം നല്കിയതിനും വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയുടെ (നം. 23/09.09.2024) മറുപടിയിൽ കായികവിദ്യാഭ്യാസം പ്രൈമറി

വിദ്യർഥികളുടെ കരിക്കുലത്തിന്റെ ഭാഗമായി ഉള്ളതിനാലും മുൻപ് നടപ്പാക്കിയ പരിശീലനപരിപാടികളിലെ കുട്ടികൾ സംസ്ഥാനതലം വരെ മൽസരിക്കാൻ യോഗ്യത നേടിയതിനാലുമാണ് പ്രൊജക്റ്റ് നടപ്പാക്കിയതെന്നാണ് മറുപടിയിൽ സൂചിപ്പിക്കപ്പെട്ടിട്ടുള്ളത്. മാർഗ്ഗരേഖക്ക് അനുസൃതമായി പദ്ധതി നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ഇത്തരം പരിശീലന പരിപാടികൾക്കായി സിഎസ്ആർ ഫണ്ട് പോലുള്ള സ്രോതസ്സുകൾ വിനിയോഗിക്കേണ്ടതാണ്. ഭാവിയിൽ മാർഗ്ഗരേഖയിലെ നിർദ്ദേശത്തിനനുസൃതമായി മാത്രം പ്രൊജക്റ്റ് നടപ്പാക്കേണ്ടതാണ്.

**1-28 വിദ്യാർഥികൾക്ക് യോഗപരിശീലനം - അധികവേതനം അനുവദിച്ചു**

| | |
|---|---|
| പ്രൊജക്റ്റ് നമ്പർ, പേര് | 175/24, വിദ്യാർഥികൾക്ക് യോഗ പരിശീലനം |
| നിർവ്വഹണോദ്യോഗസ്ഥ | ഹെഡ് മിസ്ട്രസ്സ്, ജി.എൽ.പി.എസ്. ചേരാനല്ലൂർ |
| ആകെ അടങ്കൽ | ₹ 50000/- |
| ആകെ ചെലവ് | ₹ 50000/- (തനത് ഫണ്ട് ) |
| ബിൽ നമ്പർ, തീയതി | 2/18-12-23 |

വിദ്യാർഥികൾക്ക് യോഗ പരിശീലനം നല്കുന്നതിനായിട്ടാണ് മേൽ പ്രൊജക്റ്റ് രൂപീകരിച്ചിട്ടുള്ളത്. പ്രൊജക്റ്റ് പ്രകാരം യോഗപരിശീലകയ്ക്ക് വേതനം നല്കിയതുമായി ബന്ധപ്പെട്ട് ₹ 50000/- ചെലവ് വന്നിട്ടുണ്ട്. പദ്ധതി മാർഗ്ഗരേഖ പ്രകാരമുള്ള നിരക്കിലാണ്(400 രൂപ / സെഷൻ) വേതനം നല്കിയിട്ടുള്ളത്. എന്നാൽ യോഗ പരിശീലകയുടെ ഹാജർ പരിശോധിച്ചതിൽ യോഗപരിശീലനം നല്കിയിട്ടുള്ള സെഷനുകൾക്ക് ആനുപാതികമായി അർഹതയുള്ള തുക 45600/- രൂപയാണെന്ന് കാണുന്നു. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| മാസം | സെഷൻ (എണ്ണം) | നിരക്ക് | തുക |
|---|---|---|---|
| ജൂൺ | 13 | 400 | 5200 |
| ജൂലൈ | 12 | 400 | 4800 |
| ഓഗസ്റ്റ് | 12 | 400 | 4800 |
| സെപ്തംബർ | 12 | 400 | 4800 |
| ഒക്ടോബർ | 11 | 400 | 4400 |
| നവംബർ | 14 | 400 | 5600 |
| ഡിസംബർ | 9 | 400 | 3600 |
| ജനുവരി | 12 | 400 | 4800 |
| ഫെബ്രുവരി | 7 | 400 | 2800 |
| മാർച്ച് | 12 | 400 | 4800 |
| ആകെ അർഹമായ തുക | | | 45600/- |
| നല്കിയ തുക | | | 50000/- |
| അധികമായി നല്കിയ തുക | | 50000 - 45600 = 4400/- | |

ഇത്തരത്തിൽ 4400/- രൂപ അധികമായി നല്കിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്നും യോഗ പരിശീലനത്തിൽ പങ്കെടുത്ത വിദ്യാർഥികളുടെ എണ്ണം, പേര് മുതലായ വിശദാംശങ്ങളും ലഭ്യമാക്കേണ്ടതാണ് എന്നും സൂചിപ്പിച്ച് ഓഡിറ്റ് എൻക്വയറി (നമ്പർ തീയതി) നല്കി. എൻക്വയറിക്ക് മറുപടി ലഭ്യമാക്കുകയുണ്ടായില്ല. അതിനാൽ അധികമായി നല്കിയ തുക 4400/- രൂപ നിരാകരിക്കുന്നു. ഖണ്ഡിക 3-1 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

**1-29 വിവിധ മുൻകൂർ തുകകൾ ക്രമീകരിക്കാതെ നില നിൽക്കുന്നത് സംബന്ധിച്ച്**

ബാലൻസ് ഷീറ്റിലെ അഡ്വാൻസ് ഹെഡുകളിൽ വലിയ തുകകൾ ഓഡിറ്റ് തീയതിയിൽ ക്രമീകരിക്കപ്പെടാതെ നിലനിൽക്കുന്നതായി കാണുന്നു. ഇവയിൽ മിക്കതും മുൻ വർഷങ്ങളിൽ നല്കിയ അഡ്വാൻസുകൾ ആണ്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

1. അഡ്വാൻസ് ടു അദേഴ്സ് എന്ന ഹെഡ്ഡിൽ (460509901) രൂപ 640136/- ക്രമീകരിക്കപ്പെടാതെ നിൽക്കുന്നു.

2. അഡ്വാൻസ് ടു ഇംപ്ലിമെന്റിംഗ് ഓഫീസേഴ്സ്(460500501) രൂപ 1456739/- ക്രമീകരിക്കപ്പെടാതെ നിൽക്കുന്നു.

3. അഡ്വാൻസ് ടു അദർ ഓതറൈസ്ഡ് ഏജൻസീസ് എന്ന ഹെഡ്ഡിൽ (460500399) രൂപ 11247337/- ക്രമീകരിക്കപ്പെടാതെ നിൽക്കുന്നു.

ആയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്ന് സൂചിപ്പിച്ച് കൊണ്ട് ഓഡിറ്റ് എൻക്വയറി (നമ്പർ 29 തീയതി 11-9-2024) നല്കിയിരുന്നെങ്കിലും മറുപടി ലഭ്യമാക്കുകയുണ്ടായില്ല. മുൻകൂറുകൾ ഓരോന്നും ആർക്കെല്ലാം നല്കിയതാണെന്ന് കണ്ടെത്തി ആയവ ക്രമീകരിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. മേൽ മുൻകൂറുകളുടെ സമയബന്ധിതമായ ക്രമീകരണം നിരീക്ഷിക്കുന്നതിനായി മുൻകൂർ രജിസ്റ്ററുകൾ കൃത്യമായി എഴുതി സൂക്ഷിക്കേണ്ടതുമാണ്.

### 1-30 കുടിവെള്ളവിതരണം - അപാകതകൾ

കുടിവെള്ള വിതരണം നടത്തുന്നതിനായി എല്ലാ വർഷവും വലിയ തുകകൾ ചെലവഴിക്കുന്നതായി വൌച്ചറുകൾ, മറ്റ് രേഖകൾ എന്നിവ പരിശോധിച്ചപ്പോൾ ബോധ്യപ്പെട്ടു. വേനൽമൂലം കുടിവെള്ളക്ഷാമം രൂക്ഷമാകുന്ന സമയങ്ങളിൽ കുടിവെള്ളവിതരണം നടത്തുന്നതിനായി തദ്ദേശസ്വയംഭരണ വകുപ്പ് വർഷം തോറും പുറപ്പെടുവിക്കുന്ന ഉത്തരവിലെ പരിധിക്ക് വിധേയമായിട്ടാണ് പഞ്ചായത്തുകൾ ഈയിനത്തിൽ ചെലവ് നടത്തിവരുന്നത്. എന്നാൽ ചേരാനല്ലൂർ പഞ്ചായത്തിൽ വർഷത്തിൽ എല്ലാ സമയങ്ങളിലും കുടിവെള്ളവിതരണം നടത്തിവരുന്നുണ്ട്. സർക്കാർ ഉത്തരവിലെ പരിധി ലംഘിച്ചതായും കാണുന്നു. 31-3-2024 വരെ 811936/- രൂപയും 1-4-2024 മുതൽ നാളിതുവരെ 641746/- രൂപയും നല്കിയിട്ടുണ്ട്. ഇത് സ.ഉ.(സാധാ നം 405/024/ത.സ്വ.ഭ.വ.) ഉത്തരവിലെ പരിധിയിലും അധികമാണ്. വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്ന് സൂചിപ്പിച്ച് ഓഡിറ്റ് എൻക്വയറി(നമ്പർ 31 തീയതി 11-9-24) നല്കി. ആയതിന് മറുപടി ലഭ്യമാക്കിയില്ല. വാട്ടർ അതോറിറ്റി കുടിവെള്ള വിതരണ സംവിധാനങ്ങളിൽ കാലങ്ങളായി ചില തകരാറുകൾ ഉള്ളതിനാലാണ് പഞ്ചായത്തിന് പരിധിയിൽ അധികം തുക ചെലവ് ചെയ്തും കുടിവെള്ളവിതരണം നടത്തേണ്ടി വരുന്നതെന്ന് എക്സിറ്റ് മീറ്റിംഗിൽ വൈസ് പ്രസിഡന്റ് അറിയിക്കുകയുണ്ടായി. ഇത്തരം ഒരു പ്രത്യേക സാഹചര്യം പഞ്ചായത്തിൽ നിലനിൽക്കുന്നുവെങ്കിൽ ആയത് ചൂണ്ടിക്കാട്ടി സർക്കാരിൽ നിന്ന് കുടിവെള്ളവിതരണത്തിന് പ്രത്യേകാനുമതി ലഭ്യമാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്. കുടിവെള്ള വിതരണ സംവിധാനത്തിലെ തകരാറുകൾ പരിഹരിക്കാൻ വാട്ടർ അതോറിറ്റിയുമായി ചേർന്ന് പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുകയാണ് ഇക്കാര്യത്തിൽ അടിയന്തിരമായി ചെയ്യേണ്ടത്. ജൽജീവൻ പദ്ധതി വഴി കുടിവെള്ളക്ഷാമം പരിഹരിച്ചിട്ടുണ്ടോയെന്നും അറിയിക്കേണ്ടതാണ്.

### 1-31 പുതുശേരി റോഡ് ടൈൽ വിരിക്കൽ - മാസകൂലി കൊടുക്കുന്നതിലെ അപാകതകൾ

കാനയുടെ മുകളിൽ സ്ലാബ് ഇടുന്നതിന് കൂലി നൽകുന്നത് - സംബന്ധിച്ച്.

| | |
|---|---|
| പ്രവൃത്തി | പുതുശേരി റോഡ് ടൈൽ വിരിക്കൽ |
| എസ്റ്റിമേറ്റ് | 4,20,000 |
| പ്രോജക്ട് നം | 142/24 |
| കരാറുകാരൻ | ഇ വി പോളി |
| ചെലവായ തുക | 3,21,703/- രൂപ |
| ബില്ല് നം | 56/10-7-23 |

ഈ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് പ്രകാരം 80 മീറ്റർ റോഡ് ജി എസ്. ബി ചെയ്ത് ടൈൽ വിരിക്കുകയും മൂന്ന് മീറ്റർ നീളത്തിൽ കാന നിർമ്മിച്ച് അവിടെ സ്ലാബിടുകയുമാണ് പ്രവൃത്തി.

എം ബുക്ക് പ്രകാരം കാന നിർമ്മിക്കുകയോ സ്ലാബ് നിർമ്മിക്കുകയോ ചെയ്തിട്ടില്ല. എന്നാൽ സ്ലാബ് പിടിച്ചിടുന്നതിന് 16 Nos X 915.48/E = 14,648/- രൂപ നൽകിയിട്ടുണ്ട്. ഇത് അംഗീകരിക്കുന്നില്ല.
ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 15 Dtd 9-9-24- നുള്ള മറുപടിയിൽ പുതുശേരി റോഡിലെ കവർ സ്ലാബ് ഉയർത്തി കാന ക്ലീൻ ചെയ്തു എന്ന് പറയുന്നു. എന്നാൽ ഈ കാര്യം എസ്റ്റിമേറ്റിൽ കാണിച്ചിട്ടില്ല. മാത്രമല്ല കാന ക്ലീനിംഗ് പ്രവൃത്തിക്ക് മാത്രമായി പല പ്രോജക്ടുകളിലുമായി ധാരാളം തുക ചെലവഴിച്ചിട്ടുണ്ട്. എസ്റ്റിമേറ്റിൽ ഇല്ലാത്ത പ്രവൃത്തി ചെയ്യുന്നത് അംഗീകരിക്കാനാവില്ല. കാന ക്ലീനിംഗ് നടത്തിയ വിവരം എം ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല.

**1-32 മാതിരിപ്പിള്ളി കോളനി റീകോൺക്രീറ്റിംഗ്, കാന നിർമ്മാണം - അപാകതകൾ**

| | |
|---|---|
| പ്രവൃത്തി | മാതിരിപ്പിള്ളി കോളനി റീകോൺക്രീറ്റിംഗ്, കാന നിർമ്മാണം |
| എസ്റ്റിമേറ്റ് | 6,00,000.00/- രൂപ |
| പ്രോജക്ട് നം | 141/24 |
| കരാറുക്കാരൻ | ലിജു പൌലോസ് |
| ചെലവായ തുക | 33,34,781 |
| ബില്ല് നം | 100/17-8-23 |

എസ്റ്റിമേറ്റ് പ്രകാരം മാതിരിപ്പിള്ളി റോഡിലെ 25.5 മീറ്റർ നീളത്തിലുള്ള കാന പൊളിച്ച് മാറ്റി പുതിയതായി കാന നിർമ്മിക്കുകയും വടക്കേപാലം റോഡിൽ 38 മീറ്റർ നീളത്തിൽ കാന നിർമ്മിച്ച് അവിടെ സ്ലാബ് ഇടുകയും ആണ് പ്രവൃത്തി. എസ്റ്റിമേറ്റ് പ്രകാരം ആകെ സ്ലാബിന്റെ അളവ് - 6.721m3 ആണ്. ഇതിന് ആവശ്യമായ കമ്പിയുടെ അളവ് എസ്റ്റിമേറ്റ് പ്രകാരം 545 കിലോ കണക്കാക്കിയിട്ടുണ്ട്. ഈ പ്രവൃത്തിയുടെ എം ബുക്ക് പ്രകാരം സ്ലാബ് ഒന്നും പണിതിട്ടില്ല. മറ്റ് RCC പ്രവൃത്തികൾ ഒന്നും ചെയ്തിട്ടില്ല. എന്നാൽ കമ്പിയുടെ വിലയായി 681 കിലോ X 82.0178/കിലോ പ്രകാരം 55,854/- രൂപ നൽകിയിട്ടുണ്ട്. ഇത് തിരികെ ഈടാക്കേണ്ടതാണ്.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 16 Dtd 9-9-24- നുള്ള മറുപടിയിൽ സ്ലാബ് പണിതിട്ടുണ്ട് എന്നും ഈ ഐറ്റം ഇ എം ബുക്കിൽ സേവ് ചെയ്തു എന്ന് കരുതിയാണ് ഫൈനൽ ബില്ല് തയ്യാറാക്കിയത് എന്നുമാണ്. മനപ്പൂർവമല്ലാത്ത വീഴ്ച കണക്കിലെടുത്തും സർക്കാരിന് സാമ്പത്തിക നഷ്ടം വന്നിട്ടില്ല എന്നും മറുപടിയിൽ പറയുന്നു. ചെയ്ത പ്രവൃത്തി എംബുക്കിൽ രേഖപ്പെടുത്താൻ വിട്ടു പോയി എന്ന മറുപടി തൃപ്തികരമല്ല .

**1-33 ഹരിശ്രീ നഗർ റോഡ് - മെയിന്റനൻസ്- അപാകതകൾ**

| | |
|---|---|
| പ്രവൃത്തി | ഹരിശ്രീ നഗർ റോഡ് - മെയിന്റനൻസ് |
| എസ്റ്റിമേറ്റ് | 10,50,000.00 |
| പ്രോജക്ട് നം | 231//24 |
| കരാറുക്കാരൻ | ജോസഫ് നിലേഷ് |
| ചെലവായ തുക | 6,91,970/-രൂപ |
| ബിൽ നം | 485/24-3-24 |

ഈ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് പ്രകാരം നിലവിലുണ്ടായിരുന്ന 50 മീറ്റർ നീളത്തിലുള്ള കാനയുടെ 2 വശത്തും ഉള്ള സൈഡ് ഭിത്തി പൊളിച്ച് മാറ്റി (2 X 50 M X 0.2 M X 0.55 M) അവിടെ അതേ ഉയരത്തിൽ ഭിത്തി നിർമ്മിക്കുകയും കൂടാതെ 282 മീറ്റർ നീളത്തിൽ നിലവിലുള്ള കാനയുടെ ഉയരം കൂട്ടുകയും 160 മീറ്റർ നീളത്തിൽ കാനയുടെ മുകളിൽ സ്ലാബിടുകയും ആണ് പ്രവൃത്തി. സ്ലാബിന്റെ അളവ് - 160 Nos X 1 X 0.7 X 0.10 = 11.20 M3) കൂടാതെ ഈ റോഡ് കോൺക്രീറ്റിംഗും റീകോൺക്രീറ്റിംഗും ഉൾപ്പെടുന്നു.

ഈ പ്രവൃത്തിയുടെ എംബുക്ക് പ്രകാരം റോഡ് കോൺക്രീറ്റിംഗും റീകോൺക്രീറ്റിംഗും ചെയ്തിട്ടുണ്ട്. ഇതിനായി 37.176 M3 X 8306.21 M3 = 3,08,792/- രൂപയും സ്ലാബ് പിടിച്ചിട്ടതിന് 36 Nos X 915.45/E = 32,956/- രൂപയും നൽകിയുട്ടുണ്ട്. എംബുക്ക് പ്രകാരം ആകെ 10 Cm കനമുള്ള 135 സ്ലാബാണ് നിർമ്മിച്ചത്.

135 സ്ലാബുകൾ നിർമ്മിക്കുകയും അത് കാനയുടെ മുകളിൽ പിടിച്ചിട്ടുന്നതിന് മാത്രം പുരുഷ കൂലിയായി 36 Nos X 915.45/E = 32,956/- രൂപ നല്കിയിട്ടുണ്ട്. കാനയുടെ മുകളിൽ സ്ലാബുകൾ പിടിച്ചിട്ടുന്നതിന് മാത്രം ഇത്രയധികം പുരുഷകൂലി നൽകിയത് പരിശോധിക്കേണ്ടതാണ്. അധികം നൽകിയ പുരുഷകൂലി കണക്കാക്കി തുക ഈടാക്കേണ്ടാതാണ്.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം (18 Dtd 9-9-24) നുള്ള മറുപടിയിൽ ഹരിശ്രീ നഗർ റോഡിലെ കവർ സ്ലാബ് ഉയർത്തി കാന ക്ലീൻ ചെയ്തു എന്ന് പറയുന്നു. എസ്റ്റിമേറ്റിൽ സ്ലാബ് പിടിച്ചിടുന്നതിനാണ് പുരുഷകൂലി കണക്കാക്കിയിട്ടുള്ളത്. എന്നാൽ എസ്റ്റിമേറ്റിൽ കാന ക്ലീൻ ചെയ്യുന്ന പ്രവൃത്തി കാണിച്ചിട്ടില്ല. മാത്രമല്ല കാന ക്ലീനിംഗ് പ്രവൃത്തിക്കായി മാത്രമായി പല പ്രോജക്ടുകളിലുമായി ധാരാളം തുക ചെലവഴിച്ചിട്ടുണ്ട് എസ്റ്റിമേറ്റിൽ ഇല്ലാത്ത പ്രവൃത്തി ചെയ്യുന്നത് അംഗീകരിക്കാനാവില്ല. കാന ക്ലീനിംഗ് ചെയ്ത വിവരം എം ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല. പ്രവൃത്തി അന്വേഷിച്ച് മറുപടി നൽകേണ്ടതാണ്.

## 1-34 തൈക്കാവ് ഫെഡറൽ ബാങ്ക് ലിങ്ക് റോഡ് - മെയിന്റനൻസ് - അപാകതകൾ

| | |
|---|---|
| പ്രവൃത്തി | തൈക്കാവ് ഫെഡറൽ ബാങ്ക് ലിങ്ക് റോഡ് - മെയിന്റനൻസ് |
| എസ്റ്റിമേറ്റ് | 8,16,000.00 |
| പ്രോജക്ട് നം | 203/24 |
| കരാറുകാരൻ | രാജീവ് കെ. എക്സ് |
| ചെലവായ തുക | 7,14,832/- രൂപ |
| ബില്ല് നം | 272/20-12-23 |

ഈ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് പ്രകാരം 235 മീറ്റർ റോഡ് ഇന്റർലോക്കിംഗ് കട്ട വിരിക്കുകയാണ് പ്രവൃത്തി. ഇതിൽ 160 മീറ്റർ റോഡ് 3.4 മീറ്റർ വീതിയിൽ 544 M2 ഏരിയ ഡിപ്പാർട്ട്മെന്റ് ഇന്റർലോക്കിംഗ് കട്ട ഉപയോഗിച്ച് കട്ടവിരിക്കുകയും ബാക്കി 75 മീറ്റർ റോഡ് 3.4 മീറ്റർ വീതിയിൽ 255 M2 ഏരിയ പുതിയതായി കട്ട വിരിക്കുകയും ആണ് പ്രവൃത്തി.

എന്നാൽ എം ബുക്ക് പ്രകാരം ഡിപ്പാർട്ട്മെന്റ് ഇന്റർലോക്കിംഗ് കട്ട ഉപയോഗിച്ച് കട്ടവിരിച്ചത് 423.041 M2 ആണ്. (എസ്റ്റിമേറ്റ് പ്രകാരം ഇത് 544 M2 ഏരിയയായിരുന്നു.) ഈ അളവ് പ്രവൃത്തിക്ക് 423.041m2 X 283.74/m2 = 1,20,034 രൂപ നൽകി. പുതിയതായി കട്ട വിരിച്ച പ്രവൃത്തിക്ക് 274.932 M2 X 927.79/m2 = 2,55,079/- രൂപയും നൽകി. (എസ്റ്റിമേറ്റ് പ്രകാരം ഇത് 255 M2 ഏരിയയാരുന്നു.)

ഓഡിറ്റ് പരാമർശങ്ങൾ

1. ഈ റോഡിന്റെ എസ്റ്റിമേറ്റ് റിപ്പോർട്ട് ലഭ്യമല്ലാത്തതിനാൽ ഡിപ്പാർട്ട്മെന്റ് ഇന്റർലോക്കിംഗ് കട്ട എപ്രകാരം ലഭിച്ചു എന്ന് വ്യക്തമല്ല.

2. ഈ റോഡിൽ നിലവിലുള്ള കട്ടയാണ് ഉപയോഗിച്ചതെങ്കിൽ ഈ റോഡിന്റെ എത്ര ഏരിയയാണ് നിലവിൽ കട്ട വിരിച്ചിരുന്നുവെന്നും, ഇത് പൊളിച്ച് മാറ്റാനുള്ള കാരണം എന്താണെന്നും വ്യക്തമല്ല.

3. എസ്റ്റിമേറ്റിനേക്കാൾ കുറഞ്ഞ അളവിൽ ($544m^2$ – $423.041m^2$ = $120.959m^2$) ഡിപ്പാർട്ട്മെന്റ് ഇന്റർലോക്കിംഗ് കട്ട ഉപയോഗിച്ച് കട്ടവിരിച്ചതും എസ്റ്റിമേറ്റിനേക്കാൾ കൂടിയ അളവിൽ ($274.932m^2$ – $255m^2$ = $19.932m^2$) പുതിയതായി ഇന്റർലോക്കിംഗ് കട്ടവിരിച്ചതും അന്വേഷിക്കേണ്ടതാണ്. ഈയിനത്തിൽ അധികമായി നൽകിയ തുകയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1) (544m$^2$ – 423.041m$^2$ = 120.959m$^2$ X 283.74 /M$^2$ = 34320.91

2) (274.932m$^2$ – 255m$^2$ = 19.932m$^2$ X 927.79 /M$^2$ = 18,492.71

18492.71 + 34320.91 = 52813.62

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 19 Dtd 9-9-24- നുള്ള മറുപടിയിൽ പഴയ ടൈൽ വിരിച്ച് ബാക്കി ഭാഗം പുതിയ ടൈൽ വിരിച്ചു എന്ന മറുപടി പൂർണ്ണമല്ല. പ്രവൃത്തിക്ക് അധികമായി തുക നൽകാനിടയായ സാഹചര്യം വ്യക്തമാക്കാത്തതിനാൽ ഈയിനത്തിൽ നൽകിയ തുക തടസ്സപ്പെടുത്തുന്നു.

1-35 പ്ലാസ്റ്ററിംഗ് ഷ്രെഡിംഗ് യൂണിറ്റ് - ചുറ്റുമതിൽ - അപാകതകൾ

| | |
|---|---|
| പ്രവൃത്തി | പ്ലാസ്റ്ററിംഗ് ഷ്രെഡിംഗ് യൂണിറ്റ് - ചുറ്റുമതിൽ |
| എസ്റ്റിമേറ്റ് | 6,48,000.00 |
| പ്രോജക്ട് നം | 153/24 |
| കരാറുക്കാരൻ | ലിജു പൌലോസ് |
| ചെലവായ തുക | 5,75,787/-രൂപ |
| ബില്ല് നം | 39/26-6-23 |

ഈ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് പ്രകാരം 93.40 മീറ്റർ നീളത്തിൽ 15 Cm വീതിയിൽ 1.5 മീറ്റർ ഉയരത്തിൽ സോളിഡ് ബ്ലോക്ക് ഉപയോഗിച്ച് ചുറ്റുമതിൽ നിർമ്മിക്കുകയാണ് പ്രവൃത്തി. എസ്റ്റിമേറ്റ് പ്രകാരം ചുറ്റുമതിലിന്റെ ഫൗണ്ടേഷൻ നിർമ്മിക്കുന്നത് RCC (1:1.5:3) ആണ്. ഇതിന്റെ അളവ് 93.4 M X0.50 M X 0.15 M = 7.005 M3 ആണ്.

എം ബുക്ക് പ്രകാരം ചുറ്റുമതിലിന്റെ ഫൗണ്ടേഷൻ നിർമ്മിച്ചതിന് RCC (1:1.5:3) – 7.511 M3 - ന് 67,857 രൂപയും കൂടാതെ കമ്പിയുടെ തുകയും നൽകിയിട്ടുണ്ട്. ചുറ്റുമതിന്റെ ഫൗണ്ടേഷൻ നിർമ്മിച്ചതിന്റെ Centering & Shuttering - ന് DSR Item 5.9.2 പ്രകാരം 27.09 M2 X 713/m2 = 19,321/- രൂപയും കോളത്തിന്റെ ഫൂട്ടിംഗും കോളത്തിന്റെ മുകൾ ഭാഗത്തും Centering & Shuttering - ന് DSR Item 5.9.6 പ്രകാരം 17.775 M2 X 858/m2 = 15,265/- രൂപയും നൽകിയിട്ടുണ്ട്. ഇതിന്റെ എ്കസ്ട്രാ പ്രവൃത്തിയായി 108 മീറ്റർ നീളത്തിൽ 1.5 മീറ്റർ ഉയരത്തിൽ ബ്രിക്ക് വർക്ക് പൊളിച്ച് മാറ്റിയതിന് 12.840 M3 X 1720.51/M3 = 22,091/- രൂപയും നൽകിയിട്ടുണ്ട്.

ഓഡിറ്റ് പരാമർശങ്ങൾ

1. എക്സ്ട്രാ പ്രവൃത്തിയായി 108 മീറ്റർ നീളത്തിൽ 1.5 മീറ്റർ ഉയരത്തിൽ ബ്രിക്ക് വർക്ക് പൊളിച്ച് മാറ്റിയതിന് 12.840 M3 X 1720.51/M3 = 22,091/- നൽകിയിട്ടുണ്ട്. ഇത് എസ്റ്റിമേറ്റിൽ ഉൾപ്പെട്ടിരുന്നില്ല. ഇത് പൊളിച്ച് മാറ്റാനുള്ള കാരണവും ഇതിന്റെ ആവശ്യകതയും അന്വേഷിക്കേണ്ടതാണ്. നിലവിലുണ്ടായിരുന്ന ചുറ്റുമതിലിന്റെ ഫൌണ്ടേഷൻ സംബന്ധിച്ച വിശദാംശങ്ങൾ ഒന്നും ലഭ്യമല്ല. നിലവിലുള്ള ഫൗണ്ടേഷന്റെ മുകളിലാണോ വീണ്ടും ചുറ്റുമതിൽ നിർമ്മിച്ചത് എന്നും പരിശോധിക്കേണ്ടതാണ്.

2. ചുറ്റുമതിലിന്റെ ഫൌണ്ടേഷൻ DR Masonry ചെയ്യാതെ RCC ചെയ്യാനുള്ള കാരണവും വ്യക്തമല്ല.

3. ചുറ്റുമതിന്റെ ഫൌണ്ടേഷൻ RCC നിർമ്മിച്ചതിന്റെ Centering & Shuttering - ന് DSR Item 5.9.2 പ്രകാരം 27.09 M2 X 713/m2 = 19,321/- രൂപ നൽകിയിട്ടുണ്ട്. ഫൌണ്ടേഷന്റെ Centering & Shuttering - ന് DSR Item 5.9.1 പ്രകാരം നൽകാവുന്ന നിരക്ക് 335.31/m2 ആണ്. അധികം നൽകിയ തുക കണക്കാക്കി ഈടാക്കേണ്ടതാണ്.

4. കോളത്തിന്റെ ഫൂട്ടിംഗും കോളത്തിന്റെ മുകൾ ഭാഗത്തും Centering & Shuttering - ന് DSR Item 5.9.6 പ്രകാരം 17.775 M2 X 858/m2 = 15,265/- രൂപയും നൽകിയിട്ടുണ്ട്. കോളത്തിന്റെ ഫൂട്ടിംഗിന്റെ Entering & Shuttering - ന് DSR Item 5.9.1 പ്രകാരം നൽകാവുന്ന നിരക്ക് 335.31/m2 ആണ്. അധികം നൽകിയ തുക കണക്കാക്കി ഈടാക്കേണ്ടതാണ്.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 20 Dtd 9-9-24- നുള്ള മറുപടിയിൽ പ്രവൃത്തി ആരംഭിക്കുന്ന വേളയിൽ ക്ലീൻ ചെയ്യുന്ന സമയത്ത് ഒരു ചെറിയ ഭാഗം അടർന്ന് വീഴുകയും മതിലിന്റെ

സ്റ്റെബിലിറ്റി സംശയും വന്നതിനാലും ആണ് പഴയ മതിൽ നീക്കം ചെയ്തത് എന്നും പഴയ മതിൽ നീക്കം ചെയ്ത ഫൗണ്ടേഷന് മുകളിൽ പ്ലിന്ത് ബെൽറ്റ് കൊടുത്താണ് ചുറ്റു മതിൽ നിർമ്മിച്ചത് എന്നും ആയതിനാൽ പ്ലിന്ത് കോഴ്സിനുള്ള Centering & Shuttering ആണ് നൽകിയത് എന്നും കോളത്തിന്റെ ഫൂട്ടിംഗിന് Centering & Shuttering പ്രവൃത്തിക് അധികം നൽകിയ തുക ഓഡിറ്റ് വേളയിൽ അടവാക്കി . മറുപടി പൂർണ്ണമല്ല.

ഫൗണ്ടേഷന് മുകളിലെ പ്ലിന്ത് ബെൽറ്റിന് Centering & Shuttering പ്രവൃത്തിക്ക് നൽകാവുന്ന നിരക്ക് 335.31/m2 ആണ്. പ്രവൃത്തി ആരംഭിക്കുന്ന വേളയിൽ ക്ലീൻ ചെയ്യുന്ന സമയത്ത് ഒരു ചെറിയ ഭാഗം അടർന്ന് വീണത് പൊളിച്ച് മാറ്റിയതിന് 22,091/- നൽകിയിട്ടുണ്ട്. ഇത് അന്വേഷിച്ച് കരാറുകാരന്റെ വീഴ്ചയാണെങ്കിൽ കരാറുക്കാരന്റെ ചിലവിൽ പ്രവൃത്തി പണിയേണ്ടതാണ്. വ്യക്തമായ മറുപടി നൽകേണ്ടതാണ്.

### 1-36 വാർഡ് - 14 റോബർട്ട് കോളനി റോഡ് - കാന നിർമ്മാണം അപാകതകൾ

| | |
|---|---|
| പ്രവൃത്തി | വാർഡ് - 14 റോബർട്ട് കോളനി റോഡ് - കാന നിർമ്മാണം |
| എസ്റ്റിമേറ്റ് | 1,95,250.00 വാർഡ് - 14 റോബർട്ട് കോളനി റോഡ് - കാന നിർമ്മാണം |
| പ്രോജക്ട് നം | 163/24 |
| കരാറുക്കാരൻ | റോഷൻ സെബാസ്റ്റ്യൻ |
| ചെലവായ തുക | 1,65,419.00 രൂപ |
| ബില്ല് നം | 225/25-11-23 |

എസ്റ്റിമേറ്റ് പ്രകാരം 88 മീറ്റർ കാനയുടെ സൈഡ് ഭിത്തി 7.5 Cm ഉയർത്തുകയും 88 മീറ്റർ റോഡ് റികോൺക്രീറ്റിംഗ് ചെയ്യുകയും 10 മീറ്റർ നീളത്തിൽ കാന പണിത് അവിടെ സ്ലാബിടുന്ന പ്രവൃത്തിയാണ് ചെയ്യുന്നത്. എസ്റ്റിമേറ്റ് പ്രകാരം സ്ലാബ് ഇടുന്നത് - 10 No X 1 M X 0.70 M X 0.1 = 0.70 M3 ആണ്. എസ്റ്റിമേറ്റ് പ്രകാരം ഈ സ്ലാബ് പിടിച്ചിടുന്നതിന് പുരുഷ കൂലിയായി 7 No X 915.48/E = 6,408.36/- രൂപ വകയിരുത്തിയിട്ടുണ്ട്.

എം ബുക്ക് പ്രകാരം കാനയുടെ സൈഡ് ഭിത്തി ഉയർത്തുകയും നിർമ്മിക്കുകയും റോഡ്റികോൺക്രീറ്റിംഗും മാത്രമാണ് ചെയ്തത്. സ്ലാബ് ഒന്നും നിർമ്മിച്ചിട്ടില്ല. എന്നാൽ സ്ലാബ് പിടിച്ചിടുന്നതിന് കൂലിയായി 8 No X 915.48/E = 7,324/- രൂപ നൽകിയിട്ടുണ്ട്. ഇത് അംഗീകരിക്കുന്നില്ല. മറുപടിനൽകേണ്ടതാണ്.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 14 Dtd 9-9-24- നുള്ള മറുപടിയിൽ റോഡിലെ കവർ സ്ലാബ് ഉയർത്തി കാന ക്ലീൻ ചെയ്തു എന്ന് പറയുന്നു. എന്നാൽ ഈ കാര്യം എസ്റ്റിമേറ്റിൽ കാണിച്ചിട്ടില്ല. മാത്രമല്ല കാന ക്ലീനിംഗ് പ്രവൃത്തിക്ക് മാത്രമായി പല പ്രോജക്ടുകളിലുമായി ധാരാളം തുക ചെലവഴിച്ചിട്ടുണ്ട് എസ്റ്റിമേറ്റിൽ ഇല്ലാത്ത പ്രവൃത്തി ചെയ്യുന്നത് അംഗീകരിക്കാനാവില്ല. കാന ക്ലീനിംഗ് ചെയ്ത വിവരം എം ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല. പ്രവൃത്തിയിലെ അപാകതകൾക്ക് മറുപടി നല്കേണ്ടതാണ്.

### 1-37 മഴക്കാലത്ത് തകർന്ന റോഡുകളുടെ നവീകരണം- അപാകതകൾ

| | |
|---|---|
| പ്രവൃത്തി | മഴക്കാലത്തെ തുടർന്ന് തകർന്ന റോഡുകളുടെ നവീകരണം |
| എസ്റ്റിമേറ്റ് | 9,00,000.00/- രൂപ |
| പ്രോജക്ട് നം | 166/24 |
| കരാറുക്കാരൻ | ജോസഫ് ലിനേഷ് |
| ചെലവായ തുക | 5,95,045/- |
| ബില്ല് നം | 225/ 25-11-23 |

ഈ പ്രവൃത്തിയുടെഎസ്റ്റിമേറ്റ് പ്രകാരം പഞ്ചായത്തിലെ വിവിധ റോഡുകൾ ടാറിംഗ് ചെയ്യുകയും കോൺക്രീറ്റിംഗ് ചെയ്യുകയും

കൂടാതെ 137 മീറ്റർ നീളത്തിൽ കാനയുടെ മുകളിൽ സ്ലാബ് ഇടുകയും ആണ് പ്രവൃത്തി.

(99m X 1m X 0.70m X .15m

27m X 1m X 0.70m X 0.10m

11m X 0.70m X 0.5m X 0.15m)

എസ്റ്റിമേറ്റ് പ്രകാരം ആകെ സ്ലാബിന്റെ അളവ് - 12.863 M3 ആണ്. ഇതിന് ആവശ്യമായ കമ്പിയുടെ അളവ് എസ്റ്റിമേറ്റ് പ്രകാരം 11.04 ക്വിന്റൽ ആണ്. ഈ പ്രവൃത്തിയുടെ എം ബുക്ക് പ്രകാരം സ്ലാബ് ഒന്നും പണിതിട്ടില്ല. മറ്റ് RCC പ്രവൃത്തികൾ ഒന്നും ചെയ്തിട്ടില്ല. എന്നാൽ കമ്പിയുടെ വിലയായി 1373 Kg X 87.98122 = 1,20,798 നൽകിയിട്ടുണ്ട്. ഇത് തിരികെ ഈടാക്കേണ്ടതാണ്.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 20 Dtd 9-9-24- നുള്ള മറുപടിയിൽ സ്ലാബ് പ്രവൃത്തി എല്ലാം ചെയ്തു എന്നും ഇത് എംബുക്കിൽ രേഖപ്പെടുത്താൻ വിട്ടുപോയി എന്നുമാണ്. മറുപടി അംഗീകരിക്കുന്നില്ല. തുക തിരികെ ഈടാക്കേണ്ടതാണ്.

**1-38 എം എ ബാങ്ക് റോഡ്, ജനത റോഡ്, ചക്യേത്ത് റോഡ് കാന കവർ സ്ലാബ് - പ്രവൃത്തി അപാകതകൾ**

സ്ലാബ് പണിതത് വ്യക്തമല്ല

| | |
|---|---|
| പ്രവൃത്തി | എം എ ബാങ്ക് റോഡ്, ജനത റോഡ്, ചക്യേത്ത് റോഡ് കാന കവർ സ്ലാബ് |
| എസ്റ്റിമേറ്റ് | 2,70,000.00 |
| പ്രോജക്ട് നം | 204/24 |
| കരാറുക്കാരൻ | ജോസഫ് ലിനേഷ് |
| ചെലവായ തുക | 2,40,132/-രൂപ |
| ബില്ല് നം | 329, 22/8/24 |

ഈ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് പ്രകാരം എം എ ബാങ്ക് ജനത റോഡ് 25 മീറ്റർ നീളത്തിലുള്ള കാനയുടെ സൈഡ് വാൾ ഇരുവശവും പൊളിച്ച് മാറ്റി അവിടെ 70 Cm വീതിയിൽ കാന പണിയുകയും (ഫൗണ്ടേഷൻ ഉൾപ്പെടെ) കവറിംഗ് സ്ലാബ് (25 X 1 X 07 X 15) ഇടുകയും കൂടാതെ 125 മീറ്റർ നീളത്തിൽ നിലവിലെ കാന 10 Cm ഉയർത്തുകയും ആണ് പ്രവൃത്തി. കൂടതെ റോഡ് റീ കോൺക്രീറ്റിംഗ് ഉൾപ്പെടുത്തിയിരുന്നു (112 X0 .7 X 0.1 = 7.840m3). സ്ലാബ് പിടിച്ചിടുന്നതിന് 35 പുരുഷ കൂലിയും എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിരുന്നു.

ഈ പ്രവൃത്തിയുടെ എം ബുക്ക് പ്രകാരം 6 മീറ്റർ നീളത്തിൽ മാത്രമാണ് സൈഡ് വാളിന്റെ ഇരുവശവും പൊളിച്ച് മാറ്റി അവിടെ സൈഡ് വാൾ നിർമ്മിച്ചത് (എന്നാൽ ഫൗണ്ടേഷൻ പണിതിട്ടില്ല) . എന്നാൽ കവറിംഗ് സ്ലാബ് 31.25 മീറ്റർ നീളത്തിൽ ചെയ്തിട്ടുണ്ട്. (25 X 1.25 X 0.70 X 1.5 = 3.281 M3 -Rs. 28180) ഇതിന്റെ കമ്പിയുടെ വിലയായി 28,858/- രൂപയും നൽകിയിട്ടുണ്ട്. സ്ലാബ് പിടിച്ചിട്ടതിന് പുരുഷകൂലിയായി 36 Nos X 915.48/E = 32,957/- രൂപയും നൽകി. റോഡ് റീ കോൺക്രീറ്റിംഗ് 125 മീറ്റർ നീളത്തിൽ ചെയതിട്ടുണ്ട് (12.863 M3 – Rs. 1,06,717 /-) എസ്റ്റിമേറ്റിൽ ഉള്ള 125 മീറ്റർ നീളത്തിൽ നിലവിലെ കാന 10 Cm ഉയർത്തുകയും ആണ് പ്രവൃത്തി. ഈ പ്രവൃത്തി ഒന്നും തന്നെ ചെയ്തിട്ടില്ല.

**ഓഡിറ്റ് പരാമർശം**

1.എം ബുക്ക് പ്രകാരം 6 മീറ്റർ നീളത്തിൽ മാത്രമാണ് കാന നിർമ്മിച്ചത്, എന്നാൽ 31.25 മീറ്റർ നീളത്തിൽ സ്ലാബ് പണിതിട്ടുണ്ട്. ഈ സ്ലാബ് എവിടെയാണ് ഇട്ടത് എന്ന് വ്യക്തമല്ല. മാത്രമല്ല എസ്റ്റിമേറ്റ് പ്രകാരം 25 മീറ്റർ നീളത്തിൽ മാത്രമാണ് സ്ലാബ് പണിയേണ്ടത്.

2. ആകെ 25 (25 നം X 1.25m X 0.70m X 1.5m = 3.281 M3) സ്ലാബുകൾ മാത്രമാണ് പണിതത്. ഇത്

കാനയുടെ മുകളിൽ പിടിച്ചിട്ടതിന് മാത്രം പുരുഷകൂലിയായി 36 Nos X 915.48/E = 32,957/- രൂപയും നൽകിയതും പരിശോധിക്കേണ്ടതാണ്. അധികം നൽകിയ പുരുഷകൂലി കണക്കാക്കി തുക ഈടാക്കേണ്ടതാണ്. അധികമായി (31.25 M – 25 M) 5.75 M സ്ലാബ് പണിതിട്ടുണ്ട്.
3, റോഡ് 125 മീറ്റർ നീളത്തിൽ റീ കോൺക്രീറ്റിംഗ് ചെയ്തിട്ടുണ്ട് (12.863 M3 – Rs. 1,06,717 /-). റീ കോൺക്രീറ്റിംഗ് 10 Cm, 0.9 Cm കനത്തിനാണ് ചെയ്തിരിക്കുന്നത്. സാധാരണ റോഡ് റീ കോൺക്രീറ്റിംഗ് ചെയ്യുന്നത് 0.75 മീറ്റർ കനത്തിലാണ്. അന്വേഷിച്ച് മറുപടി നൽകേണ്ടതാണ്.
ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (നം. 28/തീ. 11-9-24-) ക്കുള്ള മറുപടിയിൽ സ്ലാബ് ഇല്ലാത്ത സ്ഥലത്താണ് സ്ലാബ് നിർമ്മിച്ചത് എന്നും, കാന ക്ലീൻ ചെയ്യാനാണ് മാൻകൂലി നൽകിയത് എന്നും റോഡ് കുറച്ച് കൂടി ബലം കൂട്ടുന്നതിനാണ് കനം കൂട്ടി കോൺക്രീറ്റിംഗ് ചെയ്തത് എന്നുമാണ്. മറുപടി തൃപ്തികരമല്ല. എസ്റ്റിമേറ്റിൽ കാന ക്ലീൻ ചെയ്യുന്ന പ്രവൃത്തി ഉൾപ്പെടുത്തിയിരുന്നില്ല. സ്ലാബ് പിടിച്ചിടുന്ന മാൻകൂലി മാത്രമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. വിശദമായ അന്വേഷണം നടത്തി മറുപടി നൽകേണ്ടതാണ്. നിലവിൽ ടി സൈറ്റിൽ സ്ലാബ് ഉണ്ടായിരുന്നോ എന്ന് പരിശോധിക്കേണ്ടതുമാണ്.

**1-39 മരാമത്ത് പ്രവൃത്തികൾ പൊതുവായ അപാകതകൾ**

തൻവർഷം നടപ്പിലാക്കിയ മരാമത്ത് പ്രവൃത്തികൾ പൊതുവായ അപാകതകൾ ചുവടെ ചേർക്കുന്നു.
തൻവർഷം നടപ്പാക്കി ചെയ്യുന്ന പ്രവൃത്തികളുടെ എസ്റ്റിമേറ്റ് റിപ്പോർട്ട്, പ്രവൃത്തിയുടെ സ്കെച്ച്, പ്ലാൻ, റോഡിന്റെ ചെയിനേജോ ലഭ്യമല്ല. എല്ലാ ഫയലുകളിലും എസ്റ്റിമേറ്റ് റിപ്പോർട്ടും പ്രവൃത്തിയുടെ സ്കെച്ചും പ്ലാനും ഉൾപ്പെടുത്തേണ്ടതാണ്.
1. ഈ വർഷത്തെ ആകെ മരാമത്ത് പ്രവൃത്തികളുടെ പ്രോജക്ടുകളുടെ എണ്ണം 81 ആണ്. ആകെ അടങ്കൽ 4,67,99,568.00 രൂപയാണ് തനത് വർഷം 48 പ്രോജക്ടുകൾ നടപ്പിലാക്കി. ആകെ ചെലവായ തുക 1,65,44,307.00 രൂപയാണ്. ചെലവഴിച്ച തുകയിൽ ഏതാണ്ട് 80 % തുകയും കാന പണിയാനും സ്ലാബ് പണിയാനും കാന ക്ലീൻ ചെയ്യാനും ആണ് ഉപയോഗിച്ചിരിക്കുന്നത്. അതിൽ തന്നെ കൂടുതൽ പ്രവൃത്തിയും നിലവിലെ കാന പൊളിച്ച് പുതിയവ പണിയുകയാണ് ചെയ്തത്.
2. ടൈലും കോൺക്രീറ്റും ചെയ്യുന്ന എല്ലാ റോഡുകളുടേയും മുഴുവൻ ഏരിയായും GSB ചെയ്യുന്നു. ഇതിന്റെ ആവശ്യകതയും വ്യക്തമല്ല.
3. കാന നിർമ്മാണ പ്രവൃത്തികളിൽ കാന ക്ലീനിംഗിന് വലിയ തുക ചെലവഴിക്കുന്നു. കാന നിർമ്മിക്കുമ്പോൾ എസ്റ്റിമേറ്റിൽ ഇല്ലാത്ത മറ്റ് കാനകൾ ക്ലീൻ ചെയ്യേണ്ടതിന്റെ ആവശ്യകത വ്യക്തമല്ല. ചെയ്യുന്ന പ്രവൃത്തികളുടെ ആവശ്യകത, പ്രവൃത്തി പൂർത്തീകരിച്ചതിന്റെ മോണിറ്ററിംഗ് റിപ്പോർട്ട് ഇവയൊന്നും ഫയലിൽ ചേർത്തിട്ടില്ല. ഏത് കാനയാണ് എന്നോ എത്ര മീറ്റർ നീളത്തിൽ ആണ് ക്ലീൻ ചെയ്തത് എന്ന് പോലും ഫയലിൽ വ്യക്തമല്ല.
ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 30 / 11-9-24- ന് മറുപടി ഒന്നും ലഭിച്ചില്ല.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

**3-1 വിദ്യാർഥികൾക്ക് യോഗപരിശീലനം - അധികവേതനം അനുവദിച്ചു**

| | |
|---|---|
| പ്രൊജക്റ്റ് നമ്പർ, പേര് | 175/24, വിദ്യാർഥികൾക്ക് യോഗ പരിശീലനം |
| നിർവ്വഹണോദ്യോഗസ്ഥ | ഹെഡ് മിസ്ട്രസ്സ്, ജി.എൽ.പി.എസ്. ചേരാനല്ലൂർ |

| | |
|---|---|
| ആകെ അടങ്കൽ | ₹ 50000/- |
| ആകെ ചെലവ് | ₹ 50000/- (തനത് ഫണ്ട് ) |
| ബിൽ നമ്പർ, തീയതി | 2/18-12-23 |

വിദ്യാർഥികൾക്ക് യോഗ പരിശീലനം നല്കുന്നതിനായിട്ടാണ് മേൽ പ്രൊജക്റ്റ് രൂപീകരിച്ചിട്ടുള്ളത്. പ്രൊജക്റ്റ് പ്രകാരം യോഗപരിശീലകക്ക് വേതനം നല്കിയതുമായി ബന്ധപ്പെട്ട് ₹ 50000/- ചെലവ് വന്നിട്ടുണ്ട്. പദ്ധതി മാർഗ്ഗരേഖ പ്രകാരമുള്ള നിരക്കിലാണ്(400 രൂപ / സെഷൻ) വേതനം നല്കിയിട്ടുള്ളത്. എന്നാൽ യോഗ പരിശീലകയുടെ ഹാജർ പരിശോധിച്ചതിൽ യോഗപരിശീലനം നല്കിയിട്ടുള്ള സെഷനുകൾക്ക് ആനുപാതികമായി അർഹതയുള്ള തുക 45600/- രൂപയാണെന്ന് കാണുന്നു. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| മാസം | സെഷൻ (എണ്ണം) | നിരക്ക് | തുക |
|---|---|---|---|
| ജൂൺ | 13 | 400 | 5200 |
| ജൂലൈ | 12 | 400 | 4800 |
| ഓഗസ്റ്റ് | 12 | 400 | 4800 |
| സെപ്തംബർ | 12 | 400 | 4800 |
| ഒക്ടോബർ | 11 | 400 | 4400 |
| നവംബർ | 14 | 400 | 5600 |
| ഡിസംബർ | 9 | 400 | 3600 |
| ജനുവരി | 12 | 400 | 4800 |
| ഫെബ്രുവരി | 7 | 400 | 2800 |
| മാർച്ച് | 12 | 400 | 4800 |
| ആകെ അർഹമായ തുക | | | 45600/- |
| നല്കിയ തുക | | | 50000/- |
| അധികമായി നല്കിയ തുക | | 50000 – 45600 = 4400/- | |

ഇത്തരത്തിൽ 4400/-രൂപ അധികമായി നല്കിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്നും യോഗ പരിശീലനത്തിൽ പങ്കെടുത്ത വിദ്യാർഥികളുടെ എണ്ണം, പേര് മുതലായ വിശദാംശങ്ങളും ലഭ്യമാക്കേണ്ടതാണ് എന്നും സൂചിപ്പിച്ച് ഓഡിറ്റ് എൻക്വയറി (നമ്പർ തീയതി) നല്കി. എൻക്വയറിക്ക് മറുപടി ലഭ്യമാക്കുകയുണ്ടായില്ല. അതിനാൽ അധികമായി നല്കിയ തുക 4400/-രൂപ നിരാകരിക്കുന്നു.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ / തീയതി |
|---|---|---|
| 2023-2024 ഓഡിറ്റിന്റെ ഭാഗമായാണ് വാർഷിക ധനകാര്യ പത്രികയുടെ പരിശോധന നടത്തിയിട്ടുള്ളത് | | |

### 4-2 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് | 2023-24 | 15,00,000 | ലൈഫ് ഭവന നിർമ്മാണം- | 15,00,000 | 0 |

| | | | | | |
|---|---|---|---|---|---|
| പഞ്ചായത്ത് | | | ജനറൽ | | |
| ബ്ലോക്ക് പഞ്ചായത്ത് | 2023-24 | 4,60,000 | ലൈഫ് ഭവന നിർമ്മാണം-എസ്.സി. | 4,60,000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2023-24 | 5,56,066 | ഭിന്നസേഷി സ്കോളർഷിപ്പ് | 5,56,066 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2023-24 | 1,43,934 | അങ്കണവാടി പോഷകാഹാരം | 1,43,934 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2023-24 | 2,00,000 | കട്ടിൽ വിതരണം | 2,00,000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2023-24 | 80,000 | പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കോളർപ്പ് | 80,000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2023-24 | 3,85,084 | കോരിക്കൽ ലിങ്ക് റോഡ് കോൺക്രീറ്റ് | 3,85,084 | 0 |
| **ആകെ** | | **₹33,25,084** | | **₹33,25,084** | |
| ജില്ലാ പഞ്ചായത്ത് | 2023-24 | 2,40,000 | ലൈഫ് ഭവന നിർമ്മാണം-ജനറൽ | 2,40,000 | 0 |
| ജില്ലാ പഞ്ചായത്ത് | 2023-24 | 8,787 | ഡ്രെയിൻ കൺസ്ട്രക്ഷൻ റിനോവേഷൻ | 8,787 | 0 |
| ജില്ലാ പഞ്ചായത്ത് | 2023-24 | 1,69,000 | ഭിന്നസേഷി സ്കോളർഷിപ്പ് | 1,69,000 | 0 |
| ജില്ലാ പഞ്ചായത്ത് | 2023-24 | 1,60,000 | പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 1,60,000 | 0 |
| **ആകെ** | | **₹5,77,787** | | **₹5,77,787** | |

## 4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് ചുവടെ ചേർക്കും പ്രകാരം തുക മുൻകൂർ നൽകിയിട്ടുണ്ട്.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ നമ്പർ/ചെക്ക് നമ്പർ, തീയതി | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള ഇലക്ട്രിസിറ്റി ബോർഡ് | സ്ട്രീറ്റ് ലൈൻ നീട്ടൽ | 146005/02.02.24 | 289926 | 0 | 289926 |
| | സ്ട്രീറ്റ് ലൈൻ നീട്ടൽ | 20/05.06.23 | 150000 | 0 | 150000 |
| | സ്ട്രീറ്റ് ലൈൻ നീട്ടൽ | 908543/22.05.23 | 25068 | 0 | 25068 |
| | സ്ട്രീറ്റ് ലൈൻ നീട്ടൽ | 146004/02.02.24 | 240980 | 0 | 240980 |
| | പോസ്റ്റ് ഷിഫ്റ്റിംഗ് | 330/20.01.24-9685/-<br>331/20.01.24-21760/-<br>21/05.06.23-27348/-<br>24/08.06.23-42167/- | 100960 | 0 | 100960 |
| | പോസ്റ്റ് ഷിഫ്റ്റിംഗ് | 908590/30.06.23 | 13486 | 0 | 13486 |
| | **ആകെ** | | **820420** | **0** | **820420** |
| കേരള വാട്ടർ അതോറിറ്റി | വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ | 567628/30.03.24 | 104040 | 0 | 104040 |

| | ദീർഘിപ്പിക്കൽ | | | | |
|---|---|---|---|---|---|

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃസമിതികൾക്ക് ഗ്രാമപഞ്ചായത്ത് തുക നൽകിയിട്ടില്ല.

## 4-5 വായ്പ / വായ്പ തിരിച്ചടവ്

| വായ്പയുടെ പേര് | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക | തൻവർഷം ലഭിച്ച തുക | ആകെ | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് - ഹഡ്കോ | 0 | ₹23,81,000 | ₹23,81,000 | ₹8,58,492 | | ₹15,22,508 |
| ലൈഫ് - കെ.യു. ആർ. ഡി.എഫ്.സി. | 0 | ₹2,20,000 | ₹2,20,000 | 0 | - | ₹2,20,000 |

ജി.ഒ.പ്രോജക്ട് പ്രകാരം 529045/- രൂപയും മുൻവർഷം സ്രോതസിൽ നിന്നും അധികമായി കുറവ് ചെയ്തത 329447/- രൂപ ക്രമീകരിച്ചതും ചേർത്ത് ആകെ 858492/- രൂപ തിരിച്ചടച്ചിട്ടുണ്ട്.

## 4-6 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന നിക്ഷേപം | 1,17,97,244 |
| തൻവർഷം നിക്ഷേപിച്ച തുക | 887293 |
| ആകെ | 1,26,84,537 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 1,26,84,537 |

(ചേരാനെല്ലൂർ സർവീസ് സഹകരണ ബാങ്ക്- അക്കൗണ്ട് നം. 009655)

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 36530/- രൂപയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| റിപ്പോർട്ട് | ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നമ്പർ/തീയതി |
|---|---|---|---|---|
| 2022-23 | 3-2 | 1,815/- | ശ്രീ. ആഷിക് കെ.എ,ഓവർസിയർ | 1230300870/05.09.23 |
| 2022-23 | 3-1 | 30,000/- | ശ്രീമതി ബീന ടി.കെ, ഹെഡ്മിസ്ട്രസ്സ് | 1230302549/23.01.24 |
| 2022-23 | 1-21-1 | 4,715/- | ശ്രീ. പോൾ,കോൺട്രാക്ടർ | 1230302550/23.01.24 |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2001-02 | 5 | 2003-04 | 3.7.10.1 | തെരുവ് വിളക്കുകൾ | ഉത്തരവാദിയായ എൽസമ്മ കൊയലോയുടെ DCRG യിൽ |

| | | | | | |
|---|---|---|---|---|---|
| | | | | വാങ്ങിയതിൽ സംഭവിച്ച നഷ്ടം | നിന്നും ഈടാക്കിയ 54,511/- പഞ്ചായത്തിന്റെ തനത് ഫണ്ടിലേക്ക് ഈടാക്കണമെന്ന് കാണിച്ച് പലതവണ ട്രഷറിയിൽ കത്ത് നല്കിയിട്ടുണ്ടെങ്കിലും നാളിതുവരെ അതിൻമേൽ ഒരു നടപടിയും ഉണ്ടായിട്ടില്ല. |

**4-9 ചാർജ് – സർചാർജ് നടപടികളുടെ വിവരം**

ഇല്ല

**4-10 ഓഡിറ്റ് പ്രത്യവലോകനം**

**(എ) സംക്ഷിപ്തവിവരം**

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (R&P പ്രകാരം) | : | ₹8,35,56,081 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് (R&P പ്രകാരം) | : | ₹7,66,15,327 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ₹4,400/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | ₹**29,36,261**/- |

**(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | 0 | 4400 | ശ്രീമതി ആനി, ഹെഡ്മിസ്ട്രസ് , ജി.എൽ.പി.എസ്. സൗത്ത് ചിറ്റൂർ |

**ഓഡിറ്റിൽ തടസ്സപെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-19 | 47001 | ഡോ.അമ്പിളി. കെ.എസ്, മെഡിക്കൽ ഓഫീസർ, ഹോമിയോ |
| 1-20 | 780000 | ഡോ. ജിൻസ ജോർജ്, വെറ്ററിനറി സർജൻ |
| 1-25 | 84800 | ശ്രീ.വി.പി.ഉണ്ണിക്കൃഷ്ണൻ, സെക്രട്ടറി, ചേരാനല്ലൂർ ഗ്രാമപഞ്ചായത്ത് |
| 1-26 | 2024460 | ശ്രീ.വി.പി.ഉണ്ണിക്കൃഷ്ണൻ, സെക്രട്ടറി, ചേരാനല്ലൂർ ഗ്രാമപഞ്ചായത്ത് |
| **ആകെ** | **29,36,261** | |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

**ഇല്ല**

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

**ഇല്ല**

**(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന വ്യക്തമായ നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം**

**മേൽവിലാസങ്ങൾ**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി ആനി, ഹെഡ്മിസ്ട്രസ് , ജി.എൽ.പി.എസ്, സൗത്ത് ചിറ്റൂർ | ഹെഡ്മിസ്ട്രസ് , ജി.എൽ.പി.എസ്. ചേരാനല്ലൂർ | മുന്നാഞ്ഞലിക്കൽ ഹൗസ്, വിഷ്ണുപുരം, പച്ചാളം, കൊച്ചി-682012 |

**(എഫ്)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന തടസ്സത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.വി.പി.ഉണ്ണിക്കൃഷ്ണൻ, സെക്രട്ടറി | വിരമിച്ചു | വാഴവേലിക്കകത്ത്, കെ.കെ.പി റോഡ്, അയ്യപ്പൻക്കാവ്, എറണാകുളം നോർത്ത് 682018 |
| ഡോ. ജിൻസ ജോർജ്, വെറ്ററിനറി സർജൻ | വെറ്ററിനറി സർജൻ, ചേരാനല്ലൂർ ഗ്രാമപഞ്ചായത്ത് | കാനശ്ശേരി ഹൗസ്, മുളവ്കാട് പി.ഒ, പൊന്നാരിമംഗലം |
| ഡോ.അമ്പിളി കെ.എസ് മെഡിക്കൽ ഓഫീസർ, ഹോമിയോ | മെഡിക്കൽ ഓഫീസർ, ഹോമിയോ ചേരാനല്ലൂർ ഗ്രാമപഞ്ചായത്ത് | മന്നാലി ഹൗസ് പൂപ്പാനി റോഡ് പെരുമ്പാവൂർ |

**4-11 തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ**

| | |
|---|---|
| 2012-13 | എൽ.എഫ്.ഇ.(പി.10)484/14 തീയതി. 20.05.2014 |
| 2013-14 | എൽ.എഫ്.ഇ.(പി.10)1525/2015 തീയതി.10.09.2015 |
| 2014-15 | കെ.എസ്.എ-ഇ.കെ.എം(പി10)881/2016 തീ. 07.06.2016 |
| 2015-16 | കെ.എസ്.എ.-ഇ.കെ.എം.(പി.10)2016/16 തീ.13-12-2016 |
| 2016-17 | കെ.എസ് എ ഇ കെ.എം (പി10)1861/17/ 20.07-2017 |
| 2017-18 | കെ.എസ് എ ഇ കെ.എം (പി10)2198/18/ 06.02-2019 |
| 2018-19 | കെ.എസ് എ ഇ കെ.എം (പി10)1691/19/ 07.11-2019 |
| 2019-20 | കെ.എസ് എ ഇ കെ.എം (പി10)519/2021/31.03.21 |
| 2020-21 | കെ.എസ്.എ.-ഇ.കെ.എം (പി10) 1949/2021 തീയതി 08.03.2022 |
| 2021-22 | കെ.എസ്.എ.-ഇ.കെ.എം (പി10) 1729/2022 തീയതി 12.12.2022 |
| 2022-23 | കെ.എസ്.എ.-ഇ.കെ.എം (പി10) 1237/2023 തീയതി 10.10.2023 |

തീർപ്പാക്കുവാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം.

# Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 4-1 dated 10-07-2024 and submitted on 10-07-2024 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2024 and Balance sheet as on 31-03- 2024 , with supporting forms, of the Cheranallur Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, Kerala Local Fund Audit Act 1994, Kerala Local Fund Audit Rules 1996, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

## Qualified opinion

I certify that, subject to my observations in the appended report and audit report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2023-2024 and Financial position of Cheranallur Grama Panchayat as on 31-03-2024

Date: 30/10/2024

Deputy Director
District Office Ernakulam
Kerala State Audit Department

# Audit Report appended to the Audit Certificate of Cheranallur Grama Panchayat for the Year 2023-2024 .

**1.Major Observations**

1. Lack of free and independent access to Accounting and all other Softwares which have direct or indirect impact on financial reports and information.
2. The Asset Value shown in Balance sheet is not traceable to Asset Register due to unsupported design of existing Asset Register

**2.Other Observations**

Deposit register is not maintained

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

എറണാകുളം ജില്ലയിലെ ചേരാനെല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2023-2024 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്